ഇംഗ്ലണ്ടിലെ എൻെറ യാത്രയെക്കുറിച്ചോർക്കുമ്പോൾ ഞാനാദ്യം ഓർക്കുന്നതു് അവിടത്തെ നല്ലവരായ എൻെറ സുഹൃത്തുക്കളേയും 'റിലക്ടൻറ് പിയർ' എന്ന പേരിൽ അറിയപ്പെടുന്ന ആൻറണി വെഡ്ഗ്വുഡ്ബെനിനേയുമാണ്. ബക്കിങ്ഹാം പാലസ്സിൻെറ രാജകീയപ്രൌഢിയും കലാഭംഗിയുമൊക്കെ കണ്ടാസ്വദിച്ചതിനുശേഷം ഞങ്ങൾ ബക്കിങ്ഹാം പാലസ്സിനെക്കുറിച്ചോരോന്നു് സംസാരിച്ചു കൊണ്ടു് ഫുട്ട്പാത്തിലൂടെ നടക്കുകയായിരുന്നു. പെട്ടന്നു് മിസ്. ഗ്രിസൽഡാ ഒരു വശത്തേക്കു് ചൂണ്ടിയിട്ടു് എന്നോടു് പറഞ്ഞു. "മി. ദാസ്, ആ കാറിൽ കയറി പോകുന്ന ആളെ ശ്രദ്ധിച്ചോളൂ–ദാ അവിടെ–വേഗം." മിസ്. ഗ്രിസൽഡാ കൈചൂണ്ടിയിടത്തേക്കു് ഞാൻ നോക്കി. കറുത്ത സൂട്ട് ധരിച്ച ഒരു ഇംഗ്ലീഷുകാരൻ ചോക്ലറ്റ് നിറത്തിലുള്ള ഒരു കാറിൽ കയറിപോയി എന്നതിൽ കവിഞ്ഞൊന്നും എനിക്കു് മനസ്സിലായില്ല. പിന്നീടാണ് മി. മൈക്കൽ കെയിനും മിസ്. ഗ്രിസൽഡയും കൂടി ആ കഥ പറഞ്ഞുതന്നതു്. ആൻറണി വെഡ്ഗ്വുഡ്ബെൻ, 'ഹൌസ് ഓഫ് കോമൺസി'ലെ ഒരംഗമായിരുന്നു. അദ്ദേഹത്തിൻെറ പിതാവു് മരിച്ചതോടെ അദ്ദേഹം സ്റ്റാൻഡ്ഗെയിററ് പ്രഭുവായി പ്രഖ്യാപിക്കപ്പെട്ടു. അതോടെ അദ്ദേഹത്തിനു് ഹൌസ് ഓഫ് കോമൺസിലെ സ്ഥാനം ഉപേക്ഷിക്കേണ്ടതായും വന്നു. പക്ഷെ അദ്ദേഹം അതിനു് ഇഷ്ടപ്പെട്ടില്ല. താൻ പ്രഭുസ്ഥാനം ഉപേക്ഷിക്കുന്നു എന്നും ഹൌസ് ഓഫ് കോമൺസിലെ ഒരംഗമായി തുടരാനാഗ്രഹിക്കുന്നു എന്നും കാണിച്ചു് അദ്ദേഹം ഹൈക്കോടതിയിൽ അപേക്ഷ ബോധിപ്പിച്ചു. അങ്ങിനെ ഇംഗ്ലണ്ടിൽ മുഴുവൻ സംസാരവിഷയമായിത്തീർന്ന ആ പ്രഭുവിനെയാണ് മിസ്. ഗ്രിസൽഡാ എനിക്കു കാണിച്ചു തന്നതു്. ഇംഗ്ലണ്ടിലെ ചരിത്രത്തിലെ ഏടുകളൊന്നു മറിച്ചു നോക്കാൻ എന്നെ പ്രേരിപ്പിച്ചതും ഈ സംഭവം തന്നെയാണ്. ഞാനോർക്കുകയായിരുന്നു. ഒരു കാലത്തു് കൊല്ലിനും കൊലക്കും അധികാരമുണ്ടായിരുന്ന പ്രഭുസ്ഥാനം ലഭിക്കുക എന്നു പറഞ്ഞാൽ പടച്ചവൻെറ നാട്ടിലേക്കു് പാസ്പോർട്ടില്ലാതെ പോകുന്ന പോലെയായിരുന്നു. പക്ഷെ ഇന്നോ? 'എന്നെ പ്രഭുവാക്കരുതെ' എന്നു് കരയുന്ന പ്രഭുക്കന്മാരും 'താൻ അവിടെ ഇരിക്കടൊ' എന്നർത്ഥത്തിൽ ചിറിയൊന്നു കൂട്ടി ചെറുതായൊന്നു പുഞ്ചിരിച്ചു് സ്റ്റേററ് കാറിൽ കയറി സിക്രട്ടറിയേററിലേക്കു തിരിക്കുന്ന സാധാരണക്കാരനും! ഞാൻ കെർസൺ പ്രഭുവിനെക്കുറിച്ചോർത്തുപോയി. ആ പ്രതിഭാശാലിയുടെ ഏററവും വലിയ മോഹം ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയാകണമെന്നായിരുന്നു. ഇന്ത്യയിലെ വൈസ്രോയിസ്ഥാനം ഉപേക്ഷിച്ച ശേഷം അടുത്തു നടന്ന തിരഞ്ഞെടുപ്പിൽ യാഥാസ്ഥിതികകക്ഷിയുടെ നേതാവായ അദ്ദേഹം പ്രതിപക്ഷ കക്ഷിയുടെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു. പക്ഷെ അദ്ദേഹം ജനപ്രതിനിധിസഭയിലെ അംഗമല്ലെന്ന ഒററ കാരണത്താൽ (ഇന്ത്യയിലെ വൈസ്രോയി ആയതോടെ അദ്ദേഹം പ്രഭുവായിക്കഴിഞ്ഞിരുന്നു.) അദ്ദേഹത്തെ പ്രധാനമന്ത്രിസ്ഥാനത്തേക്കു ക്ഷണിച്ചില്ല. ആ നിരാശകൊണ്ടുകൂടിയാണ് അടുത്തവർഷത്തിൽ അദ്ദേഹം മരിച്ചതെന്നു പറയപ്പെടുന്നു. ഒരു കാലത്തു് എല്ലാ പുരോഗതിയിലേക്കുമുള്ള പടിവാതിലായിരുന്നു പ്രഭുസ്ഥാനമെങ്കിൽ ഇന്നു് പുരോഗതിയുടെ വാതിൽ കൊട്ടിയടക്കുന്ന ശബ്ദമാണ് 'നിങ്ങളെ പ്രഭുവാക്കിയിരിക്കുന്നു' എന്ന പ്രഖ്യാപനത്തിലൂടെ ഒരു ഇംഗ്ലീഷുകാരൻ കേൾക്കുന്നതു്. (നാട്ടിലെത്തിയതിനു ശേഷം 1961 ജൂലായ് 30–ാംനു-യിലെ ഹിന്ദുവിൽ ഞാൻ വായിച്ചു–ആൻറണി വെഡ്ഗ്വുഡ്ബെനിനു് ഹൌസ് ഓഫ് കോമൺസിൽ അംഗമായി തുടരാൻ അർഹതയില്ലെന്നും അതുകൊണ്ടു് അദ്ദേഹത്തിൻെറ എതിരാളിയായ മി. മാൻകോംസെററ് ക്ലെയറിനെ തിരഞ്ഞെടുത്തതായി പ്രഖ്യാപിച്ചിരിക്കുന്നു എന്നുമുള്ള ഹൈ

ക്കോടതിയുടെ ജൂലായ് 28-ാംനു-യിലെ വിധി)

പഴഞ്ചൻ പാരമ്പര്യത്തിൻെറ പാഴ്ച്ചുമട്ടേന്തി നില്ക്കുന്ന—സാമ്പത്തികമായും രാഷ്ട്രീയമായും എത്രതാണ്ടു തകർന്നു കൊണ്ടിരിക്കുന്ന—ആ പഴയ സാമ്രാജ്യകേന്ദ്രത്തിൽ രണ്ടു മാസത്തോളമേ ഞാൻ താമസിച്ചുള്ളു. ഒരു പ്രഭാതത്തിൽ ലണ്ടനിലെ തിരക്കില്ലാത്ത ഒരു വിമാനത്താവളത്തിൽ നിന്നും ഞാൻ വിമാനം കയറി. (ഈ വിമാനത്താവളത്തിന് ഒരു കഥയുണ്ട്. നാലഞ്ചു മാസങ്ങൾക്കു മുമ്പ് ഒരു ദിവസം വിൻസ്ടൻ ചർച്ചിൽ ഫ്രാൻസിലേക്ക് വിമാനം കയറാൻ (അദ്ദേഹം കുറച്ചു കാലമായി അവിടെയുള്ള ഒരു കൊച്ചു ഗ്രാമത്തിൽ വിശ്രമിക്കുകയായിരുന്നു) ഈ വിമാനത്താവളത്തിലെത്തി. പതിവു പോലെ ആരേയും കൂസാത്ത ചർച്ചിൽ ചുണ്ടത്ത് പകുതി വലിച്ചു തീർന്ന ആ വിലകൂടിയ ചുരുട്ടും, കണ്ണുകളിൽ വാർദ്ധക്യത്തിനു പോലും മാച്ചു കളയാൻ കഴിഞ്ഞിട്ടില്ലാത്ത ആ കൂസലില്ലായ്മയുമായി വിമാനത്തിൻെറ അരികിലേക്കു നടന്നു. പക്ഷെ അദ്ദേഹം വിമാനത്തിൽ കയറാൻ ഭാവിച്ചപ്പോൾ ആ വിമാനത്തിലെ ഒരുദ്യോഗസ്ഥൻ പറഞ്ഞു, ആ ചുരുട്ട് കളഞ്ഞിട്ടു വേണം വിമാനത്തിൽ കയറാൻ എന്ന്. ചർച്ചിലല്ലേ, ആദ്യം അതത്ര ശ്രദ്ധിച്ചു കാണില്ല. ഒടുവിൽ യാത്രക്കാരുടേയും വിമാനത്തിലെ ഉദ്യോഗസ്ഥന്മാരുടേയും നിർബ്ബന്ധത്തിനു വഴങ്ങി ഹിററ്ലറുടെ മുമ്പിൽ തല കുനിക്കാത്ത ആ യോദ്ധാവ് തൻെറ ചുരുട്ടു കളഞ്ഞ് ഒന്നും സംഭവിക്കാത്ത മട്ടിൽ വിമാനത്തിലേക്കു കയറുകയും ചെയ്തു. എവിടേയും കുഴപ്പമുണ്ടോ എന്നന്വേഷിച്ചു നടക്കുന്ന കുറെ പത്രക്കാരെ കാണുമല്ലോ. അവർ ഈ രംഗമെല്ലാം ഭംഗിയായി കാമറയിൽ പകർത്തുകയായിരുന്നു.

## അദ്ധ്വാനിക്കുന്നവരുടെ നാട്ടിൽ:-

മോസ്കോ വിമാനത്താവളത്തിൽ ഞാൻ ചെന്നിറങ്ങിയപ്പോൾ ആദ്യം വല്ലാത്തൊരമ്പരപ്പാണ് തോന്നിയത്. മുമ്പിൽ ആർത്തിരമ്പുന്ന ഒരു ചെങ്കടൽ. ചുവന്ന കൊടികൾ, ചുവന്ന അരങ്ങുകൾ, എങ്ങും ചുവപ്പുമയം. ജോൺ ഗന്ഥറുടെ "ഇൻസൈഡ് റഷ്യ"യിൽ ഇന്ത്യൻ ചലച്ചിത്രതാരമായ രാജ്കപൂറിന് റഷ്യക്കാർ നൽകിയ സ്വീകരണത്തെപ്പററി അദ്ദേഹം പറയുന്നത്, തന്നെ റഷ്യയിൽവെച്ച് ഏററവും അത്ഭുതപ്പെടുത്തിയത് മിഠായി വില്പനക്കാരൻെറപുറകെ കുട്ടികൾ ഓടിക്കൂടുന്നതുപോലെ ആ ചലച്ചിത്രതാരത്തിൻെറ പുറകെ റഷ്യൻ യുവാക്കളും യുവതികളും ഓടിക്കൂടുന്ന കാഴ്ചയാണെന്നാണ്. റഷ്യക്കാർക്കു പൊതുവെ ഇന്ത്യക്കാരെ വലിയ ഇഷ്ടമാണെന്നാണ് വയ്പ്. ഇനി സത്യം പറയട്ടെ, ഞാൻ ധരിച്ചത് ഈ അലങ്കാരങ്ങളെല്ലാം അവരുടെ ഇന്ത്യൻ സുഹൃത്തായ എന്നെ സ്വീകരിക്കാനാണെന്നാണ്. പിന്നീട് വിമാനത്താവളത്തിലെ ഒരുദ്യോഗസ്ഥനോട് ചോദിച്ചപ്പോഴാണ് അറിഞ്ഞത് മെയ്ദിനാഘോഷത്തോടനുബന്ധിച്ചാണ് ഈ അലങ്കാരങ്ങൾ എന്ന്. പിറേറന്ന്മെയ് ഒന്നാണെന്നും റഷ്യയിൽ അന്ന് വലിയ ആഘോഷമായിരിക്കുമെന്നുമൊക്കെ ആ പരിഭ്രമത്തിനിടയിൽ ഞാൻ മറന്നു പോയിരുന്നു. ഞാൻ എനിക്കേർപ്പാട് ചെയ്തിരുന്ന ഹോട്ടലിൽ എത്തിയപ്പോഴേക്കും മോസ്കോ യൂനിവേഴ്സിററിയിൽ പഠിക്കുന്ന ഒരു ഗുജറാത്തി സ്നേഹിതനും അയാളുടെ റഷ്യൻ സുഹൃത്തും അവിടെ എത്തിച്ചേർന്നു. മെയ്ദിനാഘോഷത്തിൽ പങ്കെടുക്കാനുള്ള പാസ്സ് അവർ കൊണ്ടു വന്നിരുന്നു.

പിറേറന്ന് കാലത്ത് നേരത്തേ ഞങ്ങൾ റെഡ്സ്ക്വയറിലേക്ക് തിരിച്ചു. (റെഡ്സ്ക്വയറിന് ചുവപ്പു നിറവുമില്ല; സ്ക്വയർ രൂപവുമില്ല.) ഞങ്ങൾ അവിടെ എത്തിയപ്പോഴേക്കും റെഡ്സ്ക്വയർ തിങ്ങി നിറഞ്ഞിരുന്നു. പിന്നീട് പാർട്ടിനേതാക്കളുടെ വരവായി. ഒരു മിലിട്ടറി മാർച്ച്പാസ്റ്റിൻെറ രൂപത്തിൽ ക്രൂഷ്ചേവിൻെറ നേതൃത്വത്തിലുള്ള പ്രസീഡിയം അംഗങ്ങളെല്ലാം വരി വരിയായി പ്ലാററ്ഫോറത്തിലേക്കു കയറി. കൂട്ടത്തിൽ ഒരു സ്ത്രീ കൂടി ഉണ്ടോ എന്ന് ഞാൻ ശ്രദ്ധിച്ചു നോക്കി. ഇല്ല. ജോൺ

ഗന്ധരുടെ പുസ്തകത്തിൽ പ്രസീഡിയത്തിലെ പ്രഥമ വനിതാ മെമ്പറായ ഒരു ഫട്ട്സെവയെപ്പററി പറഞ്ഞിരുന്നു. അവർ ഇപ്പോഴും പ്രസീഡിയത്തിലെ അംഗമാണോ എന്നു് ഞാൻ എന്റെ സുഹൃത്തു് ഗ്രോമിക്കോവിനോടു് (അയാളുടെ ശരിയായ പേരു് അലക്സാണ്ടർ അലക്സാൻഡ്രിയോമിക് എന്നോ മററോ ആണു്) ചോദിച്ചു. അയാൾക്കതിനെപ്പററി വലിയ രൂപമൊന്നുമില്ല. പിന്നീടു് ഞാൻ അഞ്ചെട്ടു റഷ്യക്കാരോടു്—അതിലൊരാൾ ഒരു യൂനിവേർസിററി പ്രൊഫസ്സർ ആയിരുന്നു—ഈ സ്ത്രീയെപ്പററി ചോദിച്ചെങ്കിലും അവർക്കാർക്കും ആ സ്ത്രീ ഇപ്പോഴും പ്രസീഡിയം അംഗമാണെന്നറിഞ്ഞുകൂടായിരുന്നു.

ഞങ്ങൾ റെഡ്സ്ക്വയറിൽനിന്നും മടങ്ങുമ്പോൾ എന്റെ ഗുജറാത്തി സുഹൃത്തു് (ഖേദപൂർവ്വം പറയട്ടെ, ആ സ്നേഹിതന്റെ പേരു് ഞാനിപ്പോൾ ഓർക്കുന്നില്ല) റഷ്യക്കാരുടെ സ്വഭാവത്തെപ്പററി ചില രസകരങ്ങളായ കാര്യങ്ങൾ പറഞ്ഞുതന്നു. ചില ദിവസങ്ങളിൽ റഷ്യക്കാർ ഇന്ത്യക്കാരെ കണ്ടാൽ കെട്ടിപ്പിടിക്കും; ഉമ്മവെക്കും; പൂക്കൾ സമ്മാനിക്കും; ഇന്ത്യയെക്കുറിച്ചു് വളരെ പുകഴ്ത്തി പറയും വേറെ ചില ദിവസങ്ങളിൽ ഇവർ ഇന്ത്യക്കാരെ കണ്ടാൽ വാതിൽ അടച്ചുകളയും. ഈ സ്വഭാവമാററത്തിനു് കാരണമെന്തെന്നല്ലേ? പണ്ഡിററ്ജിയുടേയും കൃഷ്ണമേനോന്റെയും പ്രസംഗങ്ങളും പ്രസ്താവനകളും! റഷ്യയെക്കുറിച്ചു് ഇവർ പുകഴ്ത്തിപ്പറയുന്ന ദിവസങ്ങളിലെല്ലാം റഷ്യയിലെ ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം 'വെളുത്തവാവാണു്'. പക്ഷെ നെഹ്റുവും മൊറാർജിയുമൊക്കെ അമേരിക്കയിൽ പോയപ്പോൾ ആ ദിവസങ്ങളിലെല്ലാം ഇന്ത്യക്കാരോടു് സംസാരിക്കാൻപോലും റഷ്യക്കാർക്കു് ഭയമോ അറപ്പോ ഒക്കെ ആയിരുന്നുവത്രെ.

ഈ അഭിപ്രായത്തെക്കുറിച്ചു് ഗ്രോമിക്കോവിനു് എന്തെങ്കിലും പറയാനുണ്ടോ എന്നർത്ഥത്തിൽ ഞാനയാളുടെ മുഖത്തേക്കു് നോക്കി. അയാളൊന്നു് പുഞ്ചിരിച്ചതേയുള്ളു. പക്ഷെ പെട്ടെന്നു് വിഷയം മാററാനെന്നവണ്ണം ആ വഴിയെപോയിരുന്ന ഒരു കൂനിക്കൂടിയ തള്ളയെ അയാൾ കൈ കൊട്ടി വിളിച്ചു. ആ തള്ള തിരിഞ്ഞു നിന്നു. "അമ്മാവി ഒന്നിങ്ങു വരൂ" എന്നു് പറഞ്ഞു് അയാൾ ആ വൃദ്ധയെ മെല്ലെ പിടിച്ചു് എന്റെ അരികിൽ കൊണ്ടുവന്നിട്ടു് പറഞ്ഞു: "ദാ നോക്കൂ, ഞങ്ങളുടെ ഈ അമ്മാവി ഫസ്റ്റു് ക്ലാസ്സ്. 'ഓർഡർ ഓഫ് മദർ ഹുഡ് ഗ്ലോറി' ലഭിച്ച സ്ത്രീയാണു്." അതു കഴിഞ്ഞു് അയാൾ ആ സ്ത്രീയോടായി എന്നെ ചൂണ്ടിക്കാട്ടി പറഞ്ഞു. "ഒരിന്ത്യൻ സുഹൃത്തു്" ആ വൃദ്ധ ഒന്നു കൂടി കൂനിക്കൂടി തന്റെ മോണ മുഴുവൻ വെളിയിൽ കാട്ടി ഒന്നു ചിരിച്ചു. മെല്ലെ നടന്നകലുകയും ചെയ്തു. ഞാനീ സ്ത്രീയെക്കുറിച്ചു് ചിന്തിക്കുകയായിരുന്നു എന്തിനായിരിക്കാം ഈ 'അമ്മ'ക്കു് ഈ യോഗ്യത നൽകിയതു്. അവരുടെ പുത്രന്മാർ വല്ലവരും നാടിനു വേണ്ടി ആത്മത്യാഗം ചെയ്തിരിക്കണം. അല്ലെങ്കിൽ ആ സ്ത്രീ തന്നെ ചെറുപ്പത്തിൽ വല്ല ധീരകൃത്യവും ചെയ്തിട്ടുണ്ടായിരിക്കാം.

"എന്താണു് സുഹൃത്തു് കാര്യമായി ചിന്തിക്കുന്നതു്" ഗ്രോമിക്കോവു് പുറത്തു തട്ടിക്കൊണ്ടു് ചോദിച്ചു. ഞാൻ തുറന്നു പറഞ്ഞു—ഈ സ്ത്രീക്കു് എന്തിനായിരിക്കാം ഈ ഓർഡർ നൽകിയതു് എന്നു് ഞാനാലോചിക്കയായിരുന്നെന്നു്.

"ഇതാണോ കാര്യം." അയാൾ ചിരിച്ചുകൊണ്ടു് പറഞ്ഞു. ഇവിടെ പത്തു കുട്ടികളിൽ കൂടുതൽ പ്രസവിക്കുന്നവർക്കു് ഈ ഓർഡർ ഓഫ് മദർഹുഡ് കൊടുക്കാറുണ്ടു്. ഈ അമ്മാവിക്കു് 11 കുട്ടികളുണ്ടു്."

ഞാനാകെ മരവിച്ചു നിന്നുപോയി! പത്തു കുട്ടികളിൽ കൂടുതൽ പ്രസവിക്കുന്നവർക്കു് ഇത്ര വലിയ സ്ഥാനമോ? ഉടനെ എന്റെ നാട്ടിലെ പത്തു കുട്ടികളിൽ കൂടുതലുള്ള സ്ത്രീകൾ എന്റെ ഓർമ്മയിൽ കൂടി ഒരു "ഫ്ളാഗ്മാർച്ച്" നടത്തിക്കഴിഞ്ഞു. എത്ര പേരുണ്ടെന്നു എണ്ണാൻ പോ

ലും വിഷമം. ഏതായാലും ഒന്നു ഞാനുറപ്പിച്ചു. നമ്മുടെ നാട്ടിൽ ഇങ്ങിനെ എന്തെങ്കിലും 'ഓർഡർ' നൽകുകയാണെങ്കിൽ പതിനാറു കുട്ടികളുള്ള ഞങ്ങളുടെ തെക്കേതിലെ ഇച്ചിരിക്കുട്ടിയമ്മക്കു ഒന്നാംസ്ഥാനമില്ലെങ്കിലും രണ്ടാംസ്ഥാനമെങ്കിലും കിട്ടാതിരിക്കയില്ല.

ഞാൻ റഷ്യയിൽ നിന്നും പുറപ്പെടുന്നതിനു ഒരാഴ്ച മുമ്പാണെന്നു തോന്നുന്നു ഗ്രോമിക്കോവ് അയാളുടെ ഒരു റഷ്യൻ സുഹൃത്തിനെ കൂട്ടിക്കൊണ്ടു വന്നു എനിക്കു പരിചയപ്പെടുത്തിത്തന്നു. ഈ സുഹൃത്തിനു് അല്പം സാഹിത്യത്തിന്റെ സുഖക്കേടുള്ള കൂട്ടത്തിലാണു്. സംസാരം തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും ഈ സുഖക്കേടേതാണ്ടു ഹിസ്റ്റീരിയയുടെ മട്ടിലായി. 'സോഷ്യലിസ്റ്റ് റിയലിസ'മെന്നോ, സോട്ട്സ് റിയലിസമെന്നോ ഒക്കെ പറയുന്ന ഒരു പ്രസ്ഥാനത്തെക്കുറിച്ചു് അയാൾ ആവേശത്തോടെ സംസാരിച്ചു. ഒടുവിൽ അയാൾ യാത്ര പറഞ്ഞു് പിരിഞ്ഞപ്പോൾ ഒരു മഴ പെയ്തു് തോർന്ന മട്ടുണ്ടായിരുന്നു.

ജൂലായ് 16-ാംനു കാലത്തു പത്തു മണിയോടെ ഞാനെന്റെ സുഹൃത്തുക്കളോടു് യാത്ര പറഞ്ഞു് മോസ്കോ വിമാനത്താവളത്തിലേക്കു് പുറപ്പെട്ടു.

"വിമാനം പുറപ്പെടാറായി" — എയർ ഹോസ്റ്റസ് വന്നു പറഞ്ഞു. ഞാൻ എന്റെ ചിന്തകൾ തല്ക്കാലത്തേക്കു് നിർത്തി വെച്ചു.

ഇന്നു് വീടിന്റെ ഒരൊഴിഞ്ഞ കോണിലിരുന്നു് ആ യാത്രയെക്കുറിച്ചു് സ്വപ്നം കാണുമ്പോൾ എന്തോ അവാച്യമായൊരാനന്ദം ആത്മാവിൽ പതഞ്ഞു പൊങ്ങുന്നു.

—0—

*With Best Compliments from:–*

# Unique Trading Corporation

**221 Sherif Devji Street,**

**BOMBAY. 3.**

Direct Importers & Dealers in-

- **Laboratory Glassware**
- **Thermometers & Hydrometers**
- **Porcelain & Silicaware**
- **Nickel & Platinumware**
- **Balances & Weights**

Manufacturers of:-

**Air Ovens - Incubators - Water Stills - Water Baths - Shaking Machines - Stirrers - Hot Plates Suction & Pressure Pumps - Gas Cocks Etc. Etc. Etc.**



മഹാകവി 'ജി'യും ശ്രീ വൈലോപ്പിള്ളി ശ്രീധരമേനോനും
മലയാളസമാജം ഭാരവാഹികളുടെകൂടെ.



'ജി' പ്രസംഗപീഠത്തിൽ



Drama—"ഒട്ടകവും സൂചിക്കുഴയും"

# ആത്മാവിൻെറ ദാഹം

എമ്മെയെസ്. അലവി, P. U. C.

ആയിരം സത്യധർമ്മവേദികൾ വിരചിച്ചോ-
രാലയം മഹദ്ഭവേ നമസ്തേ പ്രകാശമേ!
തപ്തമാം സ്മരണയിലമരും ഭൂതകാല-
തരുവേ, വർത്തമാനകലയേ വിഭാതമേ!
ഭാവനാതലങ്ങളിൽ ശയിക്കും വിദൂരമാം
ഭാവിയേ, ഭയാനകസ്വപ്നത്തിൻ നികേതമേ!
ദേഹി ഞാനുരുകുന്ന ദാഹത്താൽ ഭയാവൃതൻ
മോഹിതനലയുന്നു ഇരുളിൽ, നിരാശയിൽ.
ദുഷ്ടത, മദാന്ധത, ജാതി തൻ കരാളത
കഷ്ട! മീ വനികയെ ചുട്ടെരിക്കുന്നു നീളെ.
ഇന്നു നീ മരുവുന്നുജ്ജ്വലവിഭാതമായ്
ഒന്നിതു സ്മരിക്കുമോ മനുഷ്യാ, മഹോന്നതാ!
മിഥ്യയാണഖിലവും മിഥ്യയാണുടൽ നീയും,
സത്യത്തിൻ മുഖമിന്നുമജ്ഞാതമല്ലോ മന്നിൽ!
മണ്ണു നീ, മരുത്തു നീ, യഗ്നി നീ ഭയാനക-
മണ്ണറയണഞ്ഞിടും പുഴു നീ; സർവ്വം നീയേ.
കേവലം മൃഗം പോലെ ജീവിതം നയിക്കുവാൻ,
കാലത്തിൻ ഗതിയ്ക്കൊപ്പം നീന്തുവാൻ ഭീരുവായി
വന്നതില്ലിവിടെ നീ ചിന്തുവാൻ പരരക്തം
മന്നനായ് കൊററക്കുട ചൂടുവാനല്ല തന്നെ:
ഗർവ്വവുമഹംഭാവശബ്ദവും വെടിയുക
ഉർവ്വിയിലുയർത്തുക ശാന്തി തൻ തെളി നാളം.
എന്നു നീയകന്നോടി നിന്നിൽ നിന്നയേ, കഷ്ട-
മന്നു നിൻ കരങ്ങളിൽ വീണല്ലോ! വിലങ്ങുകൾ.
അന്ധനായനർത്ഥത്തിൻ വഴിയിൽ മനുഷ്യാ നീ
നെയ്തു ഹാ! നിനക്കായിട്ടുഴലിൻ കരിമ്പടം.
വേദവും മതങ്ങളും ചൂണ്ടിടും വഴിത്താര,
നീയതിൽ കാണും ധർമ്മനീതി തൻ ദീപസ്തംഭം;
സ്വാർത്ഥികൾ വ്യാഖ്യാനിച്ചു വൈരുദ്ധ്യഭാവത്തോടെ
വ്യർത്ഥമായതിൻമൂലം വേദവും സാരോക്തിയും.

ജാതികൾ വന്നു, വർഗ്ഗഭാഷകളനാചാരം,
നീതിയോടിണങ്ങാത്ത വർണ്ണവും വ്യത്യാസവും.
രക്തമോ തുല്യം, ദേവസന്നിധാനത്തിൽ സർവ്വം,
വ്യക്തി തൻ ഗുണം മാത്രം വ്യക്തമായ് കാണാം വേറെ.
യുക്തിയിലൊതുങ്ങാത്ത ശക്തിയാ ദേവരൂപൻ,
മുക്തിയോ സേവനത്തിന്നാത്മസംതൃപ്തിയത്രെ.
നിൻെറയീരക്തദാഹക്കളികൾ കണ്ടു വാനം
നിത്യവും നടുങ്ങുന്നു; കണ്ണു നീരൊഴുക്കുന്നു.
ശ്രീ തഥാഗതൻ ധർമ്മഗീതികളുരുവിട്ട
'ബോധി'തൻ ഛായാതലം, കാൽവരി, മദീനയും,
രാജഘട്ടവും ചുംബിച്ചൊഴുകും പൂന്തെന്നലു-
മുയരും ദിനേശനും ചന്ദ്രനും താരങ്ങളും,
വാടുവാൻ പിറക്കുന്ന പൂക്കളും മധുവേന്തി-
യാടുവാൻ കൊതിക്കുന്ന പച്ചിലപ്പൂന്തോട്ടവും
ശാന്തിയെ കിനാക്കളിൽ കണ്ടിതിൻ പ്രതീക്ഷയാ-
ലേന്തിടും നിശ്വാസങ്ങളാരുമേയറിയാതെ
മണ്ണിലും നഭസ്സിലും ചൂടിലും ലയിക്കുന്നു;
കാണുമോ ശ്രവിക്കുമോ മർത്ത്യരീമണൽക്കാട്ടിൽ !

..................................................

സ്നേഹമേ! നിനക്കിന്നെൻ വേദന പുരളുന്ന
കാവ്യമാം നവമാല്യമർപ്പിപ്പൂ കണ്ണുനീരാൽ;
കാലത്തിൻ കരിന്തിരിയായിരം കരിഞ്ഞാലും
കാത്തു ഞാനിരിക്കുമീ ശൂന്യമാം മരുഭൂവിൽ.



ചെറുകഥ

# "എരിഞ്ഞു തീരുന്ന ചന്ദനത്തിരി"

**D. Rajendra Prasad, Final B. Sc.**

പ്രകൃതിയുടെ പ്രഭാതഭേരി കേൾക്കാറായി. പ്രകാശം പൊട്ടി വിരിഞ്ഞു. അഴിയെറിഞ്ഞ ജയിൽ മുറിയിലൂടെ നീളുന്ന പ്രകാശരേഖകൾ കടന്നു വന്നു.

ആ വെളിച്ചത്തിലും ഒരു കുരിരുൾക്കീറു തെളിയുന്നു — ഒരു തടവുപുള്ളി.

മുററിവളർന്ന താടിയിൽ അലസമായി വിരലോടിച്ച് കിഴക്കു വിരിയുന്ന പുതുപ്രകാശത്തെ നോക്കി രവി നിന്നു. ആ കലീനമായ മുഖത്തു പുഞ്ചിരി വിടർന്നു വന്നു. അഴികൾക്കു പുറകിൽ നിന്നും പാറുന്ന പൂമ്പാററകളേയും, പാടുന്ന കിളികളേയും നോക്കിയപ്പോൾ അയാൾ ചെറുപ്പകാലത്തെ ആലോചിച്ചിരിക്കാം.

ദൂരെ നിന്നും കനത്ത ബൂട്ടിൻെറ കിരുകിരുത്ത ശബ്ദം അടുത്തടുത്തു വരുന്നു. ചങ്ങലകൾ വീഴുന്നു ഇരുമ്പുകവാടങ്ങൾ മലക്കെ തുറക്കയാണ്. ബൂട്ടിൻെറ ശബ്ദം തുടരുന്നു............ നില്ക്കുന്നു. പിന്നെ ആവർത്തിക്കും. താക്കോൽ പൂട്ടുകളിൽ തിരിയും. ചെറിയ ശബ്ദത്തോടെ ചങ്ങല അഴിഞ്ഞു വീഴും.... വലിയ ശബ്ദത്തോടെ ഇരുമ്പുകവാടങ്ങൾ തുറക്കും.

രവിക്കതൊന്നും അത്ഭുതമായി തോന്നിയില്ല. അതു സാധാരണയാണ്. നിത്യസംഭവങ്ങളാണ്. യാന്ത്രികങ്ങളാണ്. മാററമില്ല. മാറുകയുമില്ല.

വാഡൻെറ വരവാണ്. പലരും ആകാംക്ഷയോടെ കാത്തിരിക്കുന്നുണ്ടായിരിക്കും, പുറത്തെ അന്തരീക്ഷത്തിലൊന്നു നിവർന്നു നില്ക്കുവാൻ........

ബൂട്ടിൻെറ ശബ്ദം അടുത്തു. രവിയുടെ മുറിയുടെ വാതിൽ തുറക്കുകയാണ്. വിദൂരതയിൽ ദൃഷ്ടിയും പായിച്ച് വേറെ ഏതോ മനോരാജ്യത്തിൽ ജീവിക്കുകയാണയാൾ.

ജയിൽ വാർഡൻെറ കൊമ്പൻ മീശയിലൂടെ ഒരു പുഞ്ചിരി വിടർന്നു. അയാൾ അവനെ തട്ടിവിളിച്ചു. "രവി, ഇന്നു നിങ്ങളുടെ ശിക്ഷ അവസാനിക്കുകയാണ്. നിങ്ങൾക്കു പോകാം."

തന്നെ കാത്തുനിന്നിരുന്ന രഘുവിൻെറ കൂടെ കാറിൽ കയറിയപ്പോൾ രവി തിരിഞ്ഞു നോക്കി, കഴിഞ്ഞ കാലങ്ങളിലെ തൻെറ അഭയസങ്കേതം.

മുററി വളർന്ന മീശക്കിടയിലൂടെ രവി പുഞ്ചിരിച്ചു. രഘുവാണ് കരഞ്ഞതു്. അയാളുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു. ജയിൽ

കോമ്പൗണ്ട കഴിഞ്ഞ് കാർ റോഡിൽ കടന്നു പാഞ്ഞുപോയി.

*        *        *        *

പതിവിനു വിപരീതമായി തൻെറ ഭർത്താവ് സന്തോഷവാനായി കണ്ടപ്പോഠം മുതൽ ശാരി ചിന്തിക്കുവാൻ തുടങ്ങിയതാണ്........ മണിക്കുറുകളായി അവളുടെ കൊച്ചു തലച്ചോറിൽ അതിനു കാരണം കണ്ടെത്തുവാൻ കഴിഞ്ഞില്ല.

കഴിഞ്ഞ കുറെക്കൊല്ലങ്ങളായി അദ്ദേഹം ഉള്ളു തുറന്നു ചിരിക്കുന്നത് അവഠം കാണാറില്ല. വിഷാദം മാത്രമേ ആ മുഖത്തു തെളിയാറുള്ളൂ.

വാ തുറന്നു സംസാരിക്കുന്നതുതന്നെ അപൂവ്വമാണ്. അവഠം ചോദിച്ചാൽ ചുരുങ്ങിയ വാക്കുകളിൽ മാത്രമേ ഉത്തരം പറയാറുള്ളൂ. തൻെറ മേശക്കു മുമ്പിൽ മൂകനായി ഇരിക്കും. ആഫീസിൽ പോകും. തിരിച്ചുപോരും. ആരോടും സംസാരിക്കുകയില്ല. എല്ലാം യാന്ത്രികമായി നടക്കുന്നു.

ലതയെ മടിയിലെടുത്തു വച്ചു കൊഞ്ചിക്കുന്നതു കണ്ടപ്പോഠം തന്നെ അവഠം അത്ഭുതപ്പെട്ടു. അവളെ അദ്ദേഹം മുകളിലേക്കു പൊക്കി നിലത്തു നിത്തി. അവളെ ഉമ്മ വച്ചപ്പോഠം ശാരി വാതിൽ കട്ടനിലൂടെ ഒളിഞ്ഞുനോക്കി.

അദ്ദേഹം അവളോട് പറയുന്നതു കേട്ടു. " ഇന്നു മോളുടെ അമ്മാവൻ വരും. " മുറി മുഴുവൻ അടുക്കി. മേശക്കു ചുററം കസേര അടുക്കി ഇട്ടു.

തന്നെ അദ്ദേഹം ഉറക്കെ വിളിക്കുമ്പോഠം പോലും അതിൽ ആഹ്ലാദം സ്ഫുരിച്ചിരുന്നു. താനെത്ര കാലമായി ആ വിളിയൊന്നു വിളിച്ചു കേഠക്കുവാൻ ആഗ്രഹിക്കുന്നു

അവഠം ഓടിച്ചെന്നു. "ഇന്നു എൻെറ ഒരു സുഹൃത്ത് വരുന്നുണ്ട്. വിഭവസമൃദ്ധമായ ഭക്ഷണം തയ്യാറാക്കണം. ഒരു പക്ഷെ.....അല്ല തീച്ച്യയായും ഇവിടെ സ്ഥിരമായി താമസിച്ചേക്കാൻ ഇടയുണ്ട്. അയാഠക്ക് യാതൊരു മാനസികമായ വിഷമതകളും നമ്മുടെ പക്കൽ നിന്നും വരാതെ സൂക്ഷിക്കണം."

സോഫയിൽ പുതിയ ഉറ ഇട്ടു. വിൻറേറാ കട്ടനും മറവും മാററി. പൊടിപാറി നിറം മങ്ങിയ പൂക്കളെടുത്ത് പുതിയ പൂക്കഠം ഫ്ളവർ വാസിൽ നിറച്ചു.

വളരെ വേഗതയോടെ സമയം കടന്നുപോയി. അടുക്കളയിൽ പണി അവസാനിപ്പിച്ചു. ബാത്തു റൂമിൽ പോയി വൃത്തിയായി ഒന്നു കുളിച്ചു. ശ്രദ്ധയോടെ പൗഡറിട്ടു. യോജിച്ച സാരിയും ജാക്കററും മാറി.

ലതയെ വൃത്തിയായി ഡ്രസ്സ് ചെയ്യിച്ചു. പുറത്തെ മുറിയിൽ വന്നിരുന്നു. ജോലിയൊക്കെ അവസാനിച്ചു. ഇനി അവർ വരികയേ വേണ്ടു. ആകാംക്ഷയോടെ അവഠം പടിക്കലേക്കു നോക്കി അലസമായിരുന്നു.

മുററത്തെ റോസച്ചെടിയുടെ നിഴൽ പതുക്കെപ്പതുക്കെ ചുവട്ടിലേക്കു തന്നെ വലിഞ്ഞു.

റേഡിയോവിലൂടെ ശോകഗാനത്തിൻെറ ഈരടികഠം ഉയന്നു. അവഠക്കു ദേഷ്യം വന്നു. അവഠം റേഡിയോ ഓഫ് ചെയ്തു.

ഫാനിൻെറ കുളിർ കാററിൽ അവഠം ഒന്നു മയങ്ങി. കാറിൻെറ ഡോർ അടയുന്ന ശബ്ദം കേട്ടാണ് അവഠം ഉണന്നത്. പുഞ്ചിരിച്ച മുഖവുമായി അദ്ദേഹം കയറി വന്നു.

അവഠം കൂടെ വേറെ ആരേയും കണ്ടില്ല. (അല്ല, ഒരു താടിക്കാരനുണ്ട്. അയാഠം ആയിരിക്കുവാൻ വഴിയില്ല. കാർ ഡ്രൈവറായിരിക്കും. പണം വാങ്ങിക്കുവാൻ വരുന്നതാകും.) ശാരി ചോദിച്ചു, "സുഹൃത്ത് വരുമെന്നു പറഞ്ഞിട്ട് സുഹൃത്തെവിടെ?"

അദ്ദേഹം അയാളെ പരിചയപ്പെടുത്തി. "ഇതാണ് എൻെറ സുഹൃത്ത് മി. രവി."

അവളൊന്നു ഞെട്ടി. "അയാളോ"! [ഏതു തെണ്ടിയാണോ എന്തോ? ഇയാളെ സ്വീകരിക്കുവാനാണോ അദ്ദേഹം ഇത്ര വലിയ സന്തോഷം കാണിക്കുന്നത്]. അവരം വാതിൽപ്പലകയിൽ ചാരി നിന്നു. അവർ സോഫയിലിരുന്നു.

"ശാരീ കാപ്പി കൊണ്ടു വരൂ". അപ്പോഴേ അവരം മനോരാജ്യത്തിൽ നിന്നുണന്നുള്ളൂ കാപ്പി കൊണ്ടു വന്നു കൊടുത്തു.

അവർ സംസാരിച്ചുകൊണ്ടിരുന്നു. ലത ഓടി മുറിയിലെത്തി. അവരം എവിടെയായിരുന്നു എന്നു പോലും താൻ ഇതുവരെ അന്വേഷിച്ചില്ല. അയാരം അവളെ അടുത്തു വിളിച്ചു കൈകരം നീട്ടി. [മുറിക്കാതെ നീണ്ടു വളന്ന നഖങ്ങരം] അവരംക്കറപ്പു തോന്നി

അയാളവളെ മടിയിൽ കയററിയിരുത്തി. അവളെ ചുംബിച്ചു. അവരം മടിയിൽ നിന്നും ചാടിയിറങ്ങി. അയാളുടെ താടി പിടിച്ചു വലിച്ചു.

ലതയുടെ ഉടുപ്പിൽ ചളി പുരണ്ടിരിക്കുന്നതവരം കണ്ടു. അയാരം പിടിച്ച ഭാഗത്ത് വിരലുകരം പതിഞ്ഞിരിക്കുന്നു

ശാരിക്കു വെറുപ്പ് ഇരട്ടിച്ചു. അവരം അവിടെ നിന്നും മറഞ്ഞു. അയാരം സുഹൃത്താണ് – ആരുടെ............അദ്ദേഹത്തിൻെറ. അപ്പോരം തൻേറയും. അവരംക്കയാളെ തൻെറ സുഹൃത്തായി സങ്കല്പിക്കുവാൻ കൂടി കഴിഞ്ഞില്ല. [പാറിക്കിടക്കുന്ന എണ്ണമയമില്ലാത്ത തലമുടി, മുററി വളന്ന താടി, നീണ്ടു കൂത്ത നഖങ്ങരം, കുഴിയിൽ പോയ കണ്ണുകരം, മുഷിഞ്ഞ വേഷം. പണ്ടെങ്ങോ ഒരു നോവലിൽ വായിച്ച കഥാപാത്രത്തിനെപ്പോലെ അവരംക്കു തോന്നി.]

വെറുക്കരുതെന്നു വിചാരിക്കുമ്പോഴേക്കും വെറുപ്പ് ഇരട്ടിക്കുകയാണ്.

അവർ വത്തമാനം പറയുന്നു. അവരം ശ്രദ്ധിച്ചു ജയിൽ ജീവിതത്തെക്കുറിച്ചാണ്. അയാരം ജയിലിലായിരുന്നു. [താൻ വായിച്ചതും ഒരു ജയിൽപ്പുള്ളിയെക്കുറിച്ചാണ്. ഒരു കൊലപാതകം. ഇയാരം ഒരു പണാപഹരണത്തിനാണു പോലും ജയിലിൽ പോയത്. അടുത്ത പടി ഒരു കൊലപാതകം തന്നെ.]

അവരം മെത്തയിൽ വീണു. അയാളുടെ ഭീകരരൂപം അവളെ നടുക്കി. അവരംക്കയാളോട് വെറുപ്പു തോന്നി.

മുററത്തുടെ കാലൊച്ച കേരംപ്പിക്കാതെ വേലത്തുമ്പൊതുക്കി പല സന്ധ്യകളും കടന്നു പോയി. ആപ്പും വിളിയും കുരവയുമായി പല പ്രഭാതങ്ങളും കടന്നു വന്നു.

പലവട്ടം പ്രകൃതി കുങ്കുമപ്പൂക്കരം ചൂടി.

രവി വന്ന മുതൽ ശ്രദ്ധിക്കുന്നുണ്ട് ശാരിക്ക് വിഷമതകരം ഒന്നും താൻ മൂലം വരാതിരിക്കുവാൻ.

തൻെറ അവിടത്തെ താമസം തന്നെ അവളെ രസിപ്പിക്കുന്നില്ലെന്ന് അയാരംക്കറിയാം. പക്ഷെ രഘുവിൻെറ നിബ്ബന്ധത്തിൻെറ മുമ്പിൽ വഴങ്ങുകയാണ്. [വേറെ വഴിയൊന്നും ഇല്ലാത്തതിനാൽ തനിക്കാരും ഇനി ജോലി തരികയില്ല. ഇവിടെ നിന്നും ഇറങ്ങിയാൽ പോകുവാൻ വേറെ സ്ഥലം............]

താൻ ലതയെ തൊടുന്നതു തന്നെ അവരംക്കിഷ്ടമല്ലെന്നു തോന്നുന്നു. എന്തായാലും ലതയുമായി അകന്നു കളയാം. [ലതയെ തോളിൽ കിടത്തി പൂനിലാവു പൊഴിയുന്ന രാത്രിയിൽ മുററത്തു നടക്കുമ്പോരം തൻെറ മാനസികവിഷമതകരം കുറെ മറക്കാറുണ്ട്.] വേണ്ട, അതവരംക്കു വിഷമതകരം ഉണ്ടാക്കും. അതിന് താനൊരിക്കലും അനുവദിക്കയില്ല.

ലതയുടെ കരച്ചിൽ ഉയർന്നു കേൾക്കുന്നുണ്ട്. അവൾ കരയുന്നത് എന്തിനാണെന്നെനിക്കറിയാം. അവൾക്കു ഞാൻ പാലു കൊടുക്കണമെന്ന്. അതു ശാരിക്കിഷ്ടമാകയില്ല.

ശാരി അവളെ സമാധാനിപ്പിക്കുന്നുണ്ട്. അവൾ കരച്ചിൽ നിർത്തുന്നില്ലല്ലോ.

അയാളൊന്നു ഞെട്ടി. ശാരി അവളെ അടിക്കുന്നു. അടിക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്. തന്നോടുള്ള വെറുപ്പു മുഴുവൻ അവളുടെ നേർക്ക് തീർക്കയാണ്. ഏതായാലും താനങ്ങോട്ടു ചെല്ലുന്നില്ല. ചെവി പൊത്തിക്കളയാം.

സാദ്ധ്യമല്ല. അവൾ തല്ലു കൊള്ളുന്നു. എന്തിന്? തനിക്കു വേണ്ടി. ഏതായാലും അവിടെച്ചെന്നു നോക്കട്ടെ........"ലതയെ തല്ലരുത്"........താനതു പറയരുതായിരുന്നു. അതൊരു ആജ്ഞ പോലെ ആയോ? താനാരാണ് ശാരിയോടാജ്ഞാപിക്കാൻ? നിശ്ശബ്ദനായി തിരികെ പോന്നു.

ശാരി പലപ്പോഴും പിറുപിറുക്കുന്നതു താൻ കേൾക്കാറുണ്ട്. ശ്രദ്ധിക്കാറില്ല. എനിക്കിനി സാദ്ധ്യമല്ല. ഞാൻ കാരണമാണ് അവൾ വിഷമിക്കുന്നത്. അതൊരിക്കലും പാടില്ല. എന്തായിരിക്കും കാരണം? അറിഞ്ഞുകൂടാ.

ഏതായാലും ഇവിടം വിടുക തന്നെ. വേറെ പണി വല്ലതും കിട്ടുമോ എന്നു നോക്കാം. ഇല്ലെങ്കിൽ നേരെ അടുത്ത ലോകത്തേക്ക് പോകാം. ഏതായാലും ശാരിക്കിനി ബുദ്ധിമുട്ടാകരുത്.

പ്രകാശം വിടർന്നപ്പോൾ രവി അവിടെ നിന്നും പോയിരുന്നു. രവിയുടെ മുറിയിലേക്കു കടന്നു വന്ന രഘുവിനെ സ്വാഗതം ചെയ്തത് മേശപ്പുറത്തിരുന്നിരുന്ന കടലാസു തുണ്ടാണ്.

പ്രിയപ്പെട്ട സുഹൃത്തേ,

എനിക്കിവിടുത്തെ ജീവിതം സന്തോഷപ്രദമായിരുന്നു. എങ്കിലും എന്റെ ഇവിടുത്തെ താമസം ശാരിയെ വിഷമിപ്പിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. അവളോട് എനിക്കു വിദ്വേഷമല്ല, മറിച്ച് സഹതാപമാണ്. എങ്കിലും അവളോട് യാതൊരു സംഗതികളും പറയരുത്. ഇനി വീണ്ടും കണ്ടുമുട്ടരുതെന്നു ആഗ്രഹിക്കുന്നു.

രവി.

ദിവസങ്ങൾ കടന്നു. രഘു അന്നു വായിച്ചിരുന്ന പേപ്പറിൽ ഒരു വാർത്ത കണ്ടു.

രഘു നിശ്വസിച്ചു. രവി മരിച്ചു. ശാരിയുടെ പെരുമാററമായിരുന്നു അയാളെ ഇവിടെ നിന്നും പറഞ്ഞയച്ചത്. യാതൊന്നും അവളോടു പറയരുതെന്നാണ് രവിയുടെ ആവശ്യം. അവൾ ദുഃഖിക്കും. ഇത്രയും ആയ സ്ഥിതിക്ക് അവളൊന്നു ദുഃഖിക്കണം. രവി ആരാണെന്ന് അവളൊന്നു മനസ്സിലാക്കണം. വെറും ജയിൽപ്പുള്ളിയാണെന്നാണ് അവളുടെ വിശ്വാസം. എന്തിനയാൾ ജയിലിൽ പോയി.....

ഉച്ചക്ക് ഊൺ കഴിക്കുമ്പോൾ രഘു പറഞ്ഞു. ശാരി ഇരിക്കു. എനിക്കു കുറച്ചു സംസാരിക്കുവാനുണ്ട്.

അവളവിടെ ഇരുന്നു. രഘു തുടർന്നു. അവൾക്കൊന്നും മനസ്സിലായില്ല. യാതൊരു ബന്ധവും ഇല്ലാതെ അയാൾ പറയുന്നു.

അങ്ങകലെ കുന്നിൻ മുകളിൽ ഉയരുന്ന മേഘശകലങ്ങളിൽ നോക്കി രഘു തുടർന്നു. ഒരു പക്ഷെ നിനക്കു മനസ്സിലാകും.

ഒരു ഗ്രാമത്തിന്റെ ഇടവഴികളിലൂടെ രണ്ടു സുഹൃത്തുക്കൾ പള്ളിക്കൂടത്തിലേക്ക് പോയിത്തുടങ്ങി. അവരെ സംബന്ധിച്ചിടത്തോളം അവർ വേർപിരിയാത്ത സുഹൃത്തുക്കളായിരുന്നു. ഒന്നു മുതൽ സിക്സ്ത് വരെ അവർ ഒരുമിച്ചു പഠിച്ചു. തുടർന്നു കോളേജിലും ഒരുമിച്ചു തന്നെ.

രണ്ടു മൈൽ നടന്നു് കോളേജിലേക്കു് പോകുന്ന അവർ ഒരു വീടിന്റെ മുമ്പിലെത്തിയാൽ അവിടേക്കു നോക്കും. രണ്ടു പേരുടേയും ലക്ഷ്യം ഒന്നു തന്നെ—ഒരു സുന്ദരിയായ പെൺകിടാവു്. രണ്ടു പേരും അവളെ സ്നേഹിച്ചു. അന്യോന്യം അറിയിച്ചില്ല.

കാലം കടന്നു. അവർ രണ്ടു പേരും പാസ്സായി. അവർക്കു രണ്ടുപേർക്കും അവിടെ കമ്പനിയിൽ തന്നെ ജോലി കിട്ടി. അവരിൽ ഒരാൾ ആ പെൺകുട്ടിയെ വിവാഹം കഴിച്ചു.

വിവാഹത്തിനു ശേഷം അയാൾക്കു കിട്ടുന്ന ശമ്പളം മതിയാകാതായി. കമ്പനിപ്പണം കുറേശ്ശെ അയാൾ എടുക്കുവാൻ തുടങ്ങി. ഒടുവിൽ ഓഡിററിങ്ങായി. രൂപയുടെ കുറവു്. അയാളെ അറസ്റ്റു ചെയ്യും. മററെ സുഹൃത്തേററു. അയാളാണെടുത്തതെന്നു്. പണമെടുത്തയാൾ അത്ഭുതപ്പെട്ടു. എന്തിനാണയാൾ ഏററതെന്നു്. താനാണെടുത്തതെന്നു്. അയാൾ അയാളെ നിർബ്ബന്ധിച്ചു. അയാൾ പറഞ്ഞില്ല. ജയിൽ വാസം വിധിച്ചു

ജയിൽശിക്ഷ അവസാനിച്ചു് തിരിച്ചു രണ്ടു സുഹൃത്തുക്കളും കൂടി വരുമ്പോൾ അയാൾ തന്റെ ജയിൽവാസത്തിന്റെ രഹസ്യം പറഞ്ഞു. "അയാളും അവളെ സ്നേഹിച്ചിരുന്നു. അവളുടെ ഭർത്താവു് ജയിലിൽ പോയാൽ അവൾ വിഷമിക്കും. അവളെ വിഷമിപ്പിക്കുക അയാൾക്കു വിഷമമായിരുന്നു." അയാൾ സുഹൃത്തിനോടു് പറഞ്ഞു അതൊന്നും ഭാര്യയെ അറിയിക്കരുതെന്നു്.

ജയിൽശിക്ഷ കഴിഞ്ഞു് അയാൾ സുഹൃത്തിന്റെ വീട്ടിൽ താമസിക്കുവാൻ തുടങ്ങി. സുഹൃത്തിന്റെ ഭാര്യക്കതിഷ്ടമായില്ല. അവളുടെ പെരുമാററം അയാളെ അവിടെ നിന്നും പറഞ്ഞയച്ചു.

ഒരു ജയിൽപ്പുള്ളിക്കാരു ജോലി കൊടുക്കും. ഒടുവിൽ നിരാശനായ അയാൾ ജീവിതത്തിനു് വിരാമമിട്ടു.

[രമ്യ ശാരിയെ നോക്കി. പെയ്യാൻ വെമ്പുന്ന നീലമേഘങ്ങൾക്കൊത്ത കണ്ണുകൾ, അവിടെങ്ങും സൗരഭം പരത്തി. എരിഞ്ഞു തീരുന്ന ചന്ദനത്തിരികളിൽ നട്ടു് മൂകയായി ഇരിക്കുകയായിരുന്നു.]

ആ കഥയിലെ കഥാപാത്രങ്ങൾ ഞാനും, നീയും, രവിയുമാണു്.

"അപ്പോൾ, വിദൂരമായ ഒരു നഗരത്തിലെ റയിൽപ്പാളത്തിൽ ഒരു ശവശരീരം മരവിച്ചു കിടക്കുകയായിരുന്നു."



# പ്രഭാതപഞ്ചകം

(കെ. എൻ. മാധവൻ, പി. യു. സി.)

(ശ്ലോകം)

1

കൂവുന്നു കോഴികൾ കളുകെ, വിളറി പോയ
രാവിൻെറ വേദന വിളിച്ചറിയിക്കയാണോ,
അല്ലാകിലബ്ഭുവനശില്പിയൊരുക്കി വെച്ച
സ്വർല്ലോകഭംഗികളെ വാഴ്ത്തുകയായിരിക്കാം.

2

മിന്നാമിനുങ്ങു ദ്രുമപർവ്വതപംക്തി തോറും
മിന്നുന്നു താരഗണമെന്നതു പോലെ ദൂരെ
എന്നാത്മദേവിയുടെകുന്തളമൂർന്നലഞ്ഞ
സന്താനസൂനദളസഞ്ചയസന്നിഭങ്ങൾ.

3

പൊങ്ങുന്നിതദ്രിമുകളിൽ പുതുകാന്തിപൂരം
തിങ്ങും തമസ്സു കളയാൻ തുടദീപനാളം
മോഹാന്ധകാരവിഷധൂമിക മാഞ്ഞ ഹൃത്തി-
ലാരാഗവല്ലരി പൊടിച്ചു തളിർത്ത പോലെ.

4

വാനത്തു മിന്നിയ സുവർണ്ണകണങ്ങളെല്ലാം
ആരങ്ങുരുക്കിയൊരു തൈജസഗോളമാക്കി?
ഈ രമ്യഭൂവിനൊരു പൊൻചെറുതാലി ചാർത്തി-
യാഹന്ത! വിണ്ണവർകുലാഗ്രിമനായിരിക്കാം.

5

കാണുന്നു മാമക ഗൃഹാങ്കണസീമ്നി, നാനാ
സൂനങ്ങൾ മഞ്ജുളമയൂഖമതല്ലി ചാർത്തി
ഹാ, രാഗവിഹ്വലദൃഗഞ്ചലചാലനത്താ-
ലാരോമലിൻ സവിധഭുവണയാൻ വിളിപ്പൂ?



Champion House — 'Red House'



N. C. C. (Rifles)



Sgt. C. J. Davis



Under Officer
C. V. Paul



R. S. M.
P. J. Paulson



P. Sasidharan
U/o. N.C.C. Rifles)
&
Best Cadet



K. A. Venugopalan
Best Cadet
N. C. C. (Infantry)

ചെറുകഥ:

# നിനക്കു നന്മ വരട്ടെ!

K. P. SHARMA, II B. Sc.

നീണ്ടുയർന്നു നില്ക്കുന്ന പുളിമരത്തിന്റെ നിഴലുകൾ പഴമയുടെ പ്രേതം കണക്കെ മന്ദം ചലിക്കുന്നുണ്ട്. അങ്ങകലെയെവിടെയോ ഒരു ശോകഗാനത്തിന്റെ ഈരടികൾ നേർത്ത സ്വരത്തിലുയരുന്നതു് തണുത്ത കാറ്റിലൊഴുകി വരുന്നു. അല്പം മുമ്പു വരെ ബഹളമയമായിരുന്ന പാർക്ക് ഇപ്പോഴേതാണ്ട് വിജനമാണ്. വിശാലമായ മൈതാനത്തിന്റെയൊരൊഴിഞ്ഞ കോണിൽ, ആകാശത്തിൽ തെന്നി നീങ്ങുന്ന വെള്ളിമേഘങ്ങളെ നോക്കിക്കൊണ്ട് ഞാൻ മാത്രമുണ്ട്. ശാലീനയായ ഒരു നേഴ്സിനോട് ഈ മേഘങ്ങളെ ഒരു സാഹിത്യകാരൻ ഉപമിച്ചതു് എവിടെയോ വായിച്ചതായി ഞാനോർക്കുന്നു. ലോകാവസാനം വരെയും ഈ വെണ്മണലിൽ ഏകനായി മലർന്നു കിടന്നു് സന്ധ്യയുടെ ഇരുണ്ട വദനത്തേയും ഉദിച്ചുയരുന്ന അമ്പിളിക്കലയേയും നോക്കിക്കാണുവാൻ ഞാനാശിക്കയാണ്. അപ്പോഴൊക്കെയും ഹൃദയത്തിന്റെ അഗാധതയിൽ നിന്നും വേദനയുടെ കുഞ്ഞലകൾ ഇളകി വരുന്നുണ്ടെങ്കിലും അവാച്യമായ ഒരു സുഖം അനുഭവപ്പെടാറുണ്ട്. അടുത്തുള്ള പള്ളിയിൽ നിന്നും മണിനാദം ഉയർന്നു, സഹസ്രാബ്ദങ്ങൾക്കു മുമ്പ് മനുഷ്യനെ സ്നേഹിച്ച എന്ന കുറ്റത്തിന് ക്രൂശിക്കപ്പെട്ട സ്നേഹദൂതന്റെ ചിന്തകൾ എന്നിലുയർത്തിക്കൊണ്ട്.

ഈ ഏകാന്തതയിൽ കുനിഞ്ഞിരിക്കുമ്പോൾ ഇന്നു രാവിലെ കണ്ട ഒരു പെൺകുട്ടിയുടെ ഓർമ്മകൾ എന്റെ മനസ്സിലേക്കു തിക്കിത്തിരക്കി കടന്നു വന്നു. നീണ്ട മൂന്നു വർഷങ്ങൾക്കു ശേഷം ഇന്നാണവളെ ഞാൻ കണ്ടതു്. മുൻബെഞ്ചിൽ നതമുഖിയായിരിക്കുന്ന ഇരുനിറത്തിൽ മെലിഞ്ഞ ആ പെൺകുട്ടിയെ കണ്ടപ്പോൾ തന്നെ എവിടെയോ കണ്ടുപരിചയമുണ്ടെന്നു തോന്നിയതാണ്. തല കുമ്പിട്ടിരിക്കയായിരുന്നതിനാൽ മുഖം ശരിക്കു കാണുവാൻ കഴിഞ്ഞില്ല. അറ്റൻഡൻസ് എടുത്തു കഴിഞ്ഞു തലയുയർത്തി നോക്കിയതവളുടെ മുഖത്തേക്കാണ്. മഷിയിട്ട നീണ്ട രണ്ടു നീല ശംഖുപുഷ്പങ്ങൾ തന്നെത്തന്നെ ശ്രദ്ധിക്കുന്നു. മുമ്പുണ്ടായിരുന്ന പ്രസരിപ്പും കുസൃതിയും ആ കണ്ണുകൾക്കു് നഷ്ടപ്പെട്ടിരിക്കുന്നു. പിന്നി, ചുവന്ന റിബൺ കൊണ്ട് അറ്റം കെട്ടിയ മുടിത്തുമ്പ് മുന്നിലേക്കെടുത്തിട്ടിരിക്കുന്നു. വെണ്മയേറിയ സാരിയും പച്ച ജായ്ക്കറ്റും. [സുഹൃത്തുക്കളെ! നിങ്ങൾക്കു നിരാശ തോന്നുന്നുണ്ടാവും എന്തുചെയ്യട്ടെ! അവൾക്കു തൊണ്ടിപ്പഴത്തെ വെല്ലുന്ന ചുണ്ടുകളോ മാർബിൾ സമാനമായ നിറമോ പനങ്കുല മാതിരിയുള്ള മുടിയോ ഇല്ല!]

വളരെയേറെ നാളത്തെ തപസ്സിരുപ്പിന്റെ ഫലമായിട്ടാണിവിടെ ജോലി ലഭിച്ചതു്. നീണ്ട നാലഞ്ചു വർഷത്തെ പഠിപ്പിനുശേഷം അവസാനം ഒരു ജോലി ലഭിച്ചു — നഗരത്തിലെ തലയെടുപ്പുള്ള കോളേജിൽ. അത്യാഹ്ലാദത്തോടെയാണിവിടെയെത്തി ജോലിയിൽ പ്രവേശിച്ചതു്. രാവിലത്തെ ആഹ്ലാദത്തിനു പകരം ഇപ്പോൾ ഹൃദയം നിറയെ വേദനയാണ്, തീരാത്ത മാറാത്ത വേദന!

രാവിലെ ഫസ്റ്റ് പീരിയഡിൽ തന്നെ ക്ലാസ്സിലേക്കു പോകേണ്ടി വന്നു. ആദ്യത്തെ ക്ലാസ്സാ

ണെങ്കിലും കാലിനു വിറയലൊന്നുമുണ്ടായില്ല. പക്ഷെ മുൻബെഞ്ചിലിരുന്ന പെൺകുട്ടിയെക്കണ്ടപ്പോൾ മുതൽ ചിന്തകളാകെ പതറാൻ തുടങ്ങി. ഓ! ഇതിനു മുമ്പൊരിക്കലും ഞാനിത്ര ദുർബ്ബലനായിട്ടില്ല. വല്ല വിഡ്ഢിത്തവും തട്ടി വിട്ടുവോ എന്തോ' വല്ല വിധവും ബെല്ലടിച്ചു കിട്ടിയാൽ മതിയെന്നായി. ക്ലാസ്സ് കഴിഞ്ഞു സ്റ്റാഫ് റൂമിലെത്തി ഒന്നു രണ്ടു ഗ്ലാസ്സ് തണുത്ത വെള്ളം അകത്താക്കി; പിന്നീന്ന് ക്ലാസ്സിൽ പോയില്ല. അപ്പോൾ മുതൽ എന്റെയുള്ളിൽ ഒരപരാധബോധം നാമ്പെടുക്കുകയായിരുന്നു.

ഹൃദയത്തിന്റെ പരുപരുത്ത വശങ്ങളിൽ കൂടി വേദനയുടെ പൽചക്രങ്ങൾ ഇളകി മറിയുന്നു. കൺമുന്നിൽ മെലിഞ്ഞ് ഇരുനിറത്തിൽ നീണ്ട കണ്ണുകളുള്ള ഒരു പച്ച ഹാഫ്സാരിക്കാരിയുടെ രൂപം വീണ്ടും വീണ്ടും തെളിഞ്ഞുവരുന്നു. മൂന്നു വർഷങ്ങൾക്ക് മുമ്പാണത്. ടൗണിലെ തിരക്കൊഴിഞ്ഞ മൂലയിലുള്ള ഒരു കെട്ടിടത്തിലാണ് ഞാൻ താമസമുറപ്പിച്ചത്. ആ പരിസരം കണ്ടപ്പോൾ തന്നെ അതെന്റെ കലാലയജീവിതത്തിനുപകരിക്കുമെന്നു തോന്നി. നീണ്ടു കിടക്കുന്ന നെൽവയലുകളുടെ മദ്ധ്യത്തിൽ ഒരിരുനിലക്കെട്ടിടം. ജീർണ്ണിച്ച ഭഗവതി ക്ഷേത്രവും അതിനു മുമ്പിൽ ഉയർന്നു നില്ക്കുന്ന ഒരു കിഴവനരയാലും, താമര നിറഞ്ഞു നില്ക്കുന്ന ഒരു ചെറിയ കുളവും എല്ലാം കൂടി ആ ടൗണിന്റെ മദ്ധ്യത്തിലും ഒരു ഗ്രാമീണസൗന്ദര്യം ചമച്ചു. ഇരുനിലക്കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ, ക്ഷേത്രത്തിനഭിമുഖമായുള്ള ഒരു മുറിയാണ് എനിക്കൊഴിച്ചു തന്നത്.

ഒരു ദിവസം ഇന്നും എന്റെ ഓർമ്മയിൽ തങ്ങി നില്ക്കുന്നു. പകൽ രണ്ടു മൂന്നു മണിക്കൂർ പ്രാക്ടിക്കൽ എന്ന പേരും പറഞ്ഞ് ആകെത്തുലഞ്ഞ മട്ടിലാണ് റൂമിലെത്തിയത്. ജനലഴികളിൽ മുഖമമർത്തി പടിഞ്ഞാറോട്ടു നോക്കി നില്ക്കുമ്പോൾ സായന്തനസൂര്യന്റെ പിറകിൽ നിന്നും സന്ധ്യ എത്തിനോക്കിത്തുടങ്ങിയിരുന്നു.

“കുട്ടാ! ഇവളുടെ സംശയങ്ങളൊക്കെ ഒന്നു പറഞ്ഞു കൊടുക്കരുതോ?” എന്ന ചോദ്യവുമായപ്പോഴാണ് അവളുടെ അമ്മ അവിടേക്ക് കടന്നു വന്നത്. അമ്മയുടെ പിന്നിൽ' കുസൃതി നിറഞ്ഞ ഒരു മുഖം തന്നെ നോക്കിക്കണ്ണിറുക്കുന്നു!

വേദന തുളുമ്പുന്ന ഒരു കഥയുടെ നാന്ദിയായിരുന്നു അത്. അവിഹിതമെന്ന് പലരാലും വ്യാഖ്യാനിക്കപ്പെട്ട ഒരു ബന്ധത്തിന്റെയാരംഭവും, ബോറപിടിച്ച ലക്ചർക്ലാസ്സുകളും മൂന്നു മുഴം നീളമുള്ള മാത്തമാററിക്സ് ഫോർമുലകളും വിട്ട്, റൂമിൽ ചെല്ലുമ്പോൾ കുസൃതിത്തം നിറഞ്ഞ ഒരു പെൺകുട്ടിയുടെ സാന്നിദ്ധ്യം ഹൃദയത്തിനു കുളിർമ്മ നല്കിയിരുന്നു. പിന്നെയതൊരു പതിവായിത്തീർന്നു. ഇടക്കിടക്കവളെന്റെ മുറിയിലേക്കു പാഞ്ഞു വരും; ഒന്നുകിൽ ഒരു കണക്കെങ്ങിനെയാണ് ചെയ്യുന്നത് എന്നറിയണം, അല്ലെങ്കിൽ ഒരിംഗ്ലീഷ് വാക്കിന്റെയർത്ഥം പറഞ്ഞുകൊടുക്കണം. എനിക്കുമതു സന്തോഷപ്രദമായിരുന്നു. (ആ പരിചയം നിന്റെ ഹൃദയത്തിൽ പ്രേമത്തിന്റെ വിത്തു പാകുമെന്ന് ഞാനറിഞ്ഞില്ല ലീലെ! എങ്കിൽ ആ നാമ്പ് അന്നു തന്നെ ഞാൻ നുള്ളിക്കളയുമായിരുന്നു:)

ജീവിതത്തിന്റെ വേദനകളെല്ലാം മറന്നു കൊണ്ട് അവിടെക്കഴിച്ചുകൂട്ടിയ കാലം, പിന്നീട്ടുള്ള ജീവിതത്തിൽ വേദനയുടെ കുഞ്ഞോളങ്ങൾ സൃഷ്ടിക്കുകയായിരുന്നു. അവളുടെ കൂട്ടുകാരികൾ എന്നെ ചൊല്ലിയവളെ കളിയാക്കിയപ്പോൾ എന്റെ ഹൃദയം നീറുകയായിരുന്നു. അയൽപക്കത്തെച്ചുമരുകളിൽ ഞങ്ങളെച്ചൊല്ലി കമന്റുകൾ പ്രത്യക്ഷപ്പെട്ടപ്പോഴും എനിക്കു കുസലുണ്ടായില്ല. [കാരണം ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല നിനക്ക് ഞാൻ ഒരു സഹോദരനേക്കാളുപരിയായാരോ ആണെന്ന്.]

എന്തിനവളെപ്പറയുന്നു? ഞാനെന്തു വിഡ്ഢിയാണ്, എനിക്കു കാണുവാൻ കഴിഞ്ഞില്ല വളുടെ നീലക്കണ്ണുകളിൽ ഒരു കാമുകിയുടെ ക

ടാക്ഷങ്ങൾ! നിങ്ങളെന്നെക്കുററപ്പെടുത്തിക്കൊള്ളൂ! എന്നെ ശകാരിച്ചോളൂ! എനിക്കു പരാതിയില്ല. (സോദരീ! നിന്നോടു ഞാൻ നേരത്തെ പറയേണ്ടതായിരുന്നു, അങ്ങകലെയെൻെറ ഗ്രാമത്തിലൊരു കൊച്ചുമാലാഖ എനിക്കു വേണ്ടി ഹൃദയം നൊന്തു പ്രാർത്ഥിക്കുന്നുണ്ടെന്നു്.)

ഇന്നും ഞാൻ വ്യക്തമായോർക്കുന്നു ആ ശപിക്കപ്പെട്ട ദിനം. പിറേറ ദിവസത്തെ മെയിൻ ടെസ്റ്റ് പേപ്പറിനു വേണ്ടി ഭ്രാന്തുപിടിച്ചു വായിക്കുകയായിരുന്നു ഞാൻ രാത്രിയുടെ ഏകാന്തതയിൽ ലോകം മുഴുവൻ സുഖസുഷുപ്തിയിലാണ്ടു കിടക്കുമ്പോൾ ഇവിടെ ഞാൻ കനം തൂങ്ങുന്ന മിഴികളുമായി ബുക്കു തുറന്നു വച്ചിരിക്കുകയാണ്. പ്രൊഫസറുടെ ഗൗരവം നിറഞ്ഞ മുഖമാണ് കൺമുന്നിൽ, ചാരിയിരുന്ന വാതിൽ തുറന്നു. ലീലയുടെ ചേട്ടൻ. മദ്യത്തിൻെറ മത്തു പിടിക്കുന്ന, രൂക്ഷമായ ഗന്ധം മുറിയിൽ വ്യാപിച്ചു. അമ്മപെങ്ങന്മാർ കേട്ടാലറയ്ക്കുന്ന അസഭ്യവർഷമായിരുന്നു പിന്നീട് കുറച്ചു നേരത്തേക്ക്. ഉള്ളിൽ കിടന്നു തിളയ്ക്കുന്ന മദ്യവും തെററിദ്ധാരണയും കൂടെ അയാളെ ഭ്രാന്തനാക്കിയിരിക്കുകയാണെന്നു മനസ്സിലാക്കുവാൻ നേരം കുറച്ചു പിടിച്ചു. ഞാനയാളുടെ സോദരിയെ പ്രേമിക്കുന്നുവത്രെ!

ശബ്ദം കേട്ടുണർന്ന് ലീലയും അമ്മയും വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു. ലീലയെക്കൂടി കണ്ടപ്പോൾ അയാളുടെ കോപം ജ്വലിച്ചു. അവളുടെ മുടിക്കു പിടിച്ചു വലിച്ചു മുന്നിലേക്കിട്ട് അയാൾ കാലുയർത്തി. ഞാൻ കണ്ണുകളടച്ചു. പിന്നെ ആകെയൊരു ബഹളമായിരുന്നു അവിടെ. ഞാൻ അധികം നേരം അവിടെ നില്ക്കുന്നതു പന്തിയല്ലെന്നെനിക്കു തോന്നി. ഞാൻ സാവധാനം കുരിരുട്ടിലേക്കിറങ്ങി നടന്നു.

രാത്രി നഗരത്തിലാകെയലഞ്ഞു നടന്നു. പ്രഭാതം പൊട്ടിവിടർന്നപ്പോൾ ഒരു തീരുമാനത്തോടെയാണവിടെത്തിരിയെച്ചെന്നതു്. പെട്ടിയും സാധനങ്ങളും മററും എടുത്തു വച്ചു. സ്നേഹമയിയായ അമ്മയോടു യാത്ര പറഞ്ഞു. അവരുടെ പിറകിൽ, രണ്ടീറൻ കണ്ണുകൾ! പടിയിറങ്ങുമ്പോൾ ഒന്നു തിരിഞ്ഞു നോക്കിപ്പോയി. ഹൃദയത്തിൽ വേദന തുളുമ്പി വന്നുവെങ്കിലും എന്തോ ഒരാശ്വാസം തോന്നി.

* * * *

ഇന്നിതാ വീണ്ടും ആ ഈറൻ കണ്ണുകൾ. വേണ്ടാ, ഇനിയവളെക്കാണരുതു്. അവളുടെ വഴിത്താരയിൽ കുപ്പിച്ചില്ലുകൾ വീഴ്ത്താൻ ഞാനാശിക്കുന്നില്ല. എനിക്കു വേണ്ടി വർഷങ്ങളായി കുരിശു ചുമക്കുന്ന എൻെറമ്മേ! എന്നോടു ക്ഷമിക്കൂ. ഞാനീ ജോലി രാജി വയ്ക്കട്ടെ, ഞാനീ നാടു വിടട്ടെ!

(പ്രിയപ്പെട്ടവളെ! നിനക്കുവേണ്ടി ഞാനീ ജോലി കളഞ്ഞു് നാടുവിടാം. നാം തമ്മിലിനി കാണരുതു്, ഒരിക്കലും. നിനക്കു നന്മ വരട്ടെ!)

മനസ്സമാധാനത്തോടെ ഞാനെഴുന്നേററു നടന്നു. ഉദിച്ചുയർന്ന ചന്ദ്രിക വെള്ളിമേഘങ്ങളിൽ നൃത്തം ചെയ്യുന്നു, അപ്പോഴും.



# ചേട്ടൻെറ പൂത്താലി

കെ. സോമസുന്ദരൻ III B. A.

നാളെയാണവളുടെ കല്യാണം, ഞാനെന്തേണ്ടു,
വേളിക്കസമ്മാനമായ് പൂത്താലി കൊടുക്കേണ്ടേ?
ആത്തിരമ്പുമീയലമാലകൾക്കങ്ങേപ്പുറം
കാത്തിരിക്കുകയല്ലീ ചേട്ടൻെറയനിയത്തി.
ഓടിയിട്ടെന്തേ കാര്യം? വെമ്പിയിട്ടെന്തേ ഫലം?
ഓടമെത്തിയാലല്ലീ കര പററവാനൊക്കൂ.

** ** ** ** **

എല്ലാരുമെത്തീട്ടുണ്ടാം മംഗളമാല്യം കോക്കാൻ
മുല്ലപ്പൂഞ്ചെണ്ടും നല്ല ചേമന്തിമാല്യങ്ങളും
ചെന്തെങ്ങിൻകുലകളും, കദളിപ്പഴങ്ങളും
ചന്തമായ്ച്ചാത്തിക്കാണും കല്യാണപ്പൂപ്പന്തലിൽ
അച്ഛനമ്മക്കുമുള്ളോമനമക,ളെൻെറ
കൊച്ചനിയത്തി, താഴെയുള്ളവനൊരേട്ടത്തി.

** ** ** ** **

ഞാനെന്നും കളിവാക്കായോതും, "നിൻകല്യാണത്തി–
നോമനേ, പൊൻ പൂത്താലി സമ്മാനമായ്
ഞാനേകും".

കൊച്ചുകുഞ്ഞാണെന്നാലും കണ്മണി കിനാവിങ്കൽ
കൊച്ചേട്ടനണിയിക്കും പൂത്താലി കാണാറില്ലേ?
പൊന്നിൽക്കുളിച്ചു "രാജനന്ദിനി" ചമഞ്ഞാലും
പൊന്നേട്ടനണിയിക്കും പൂത്താലി പൊൻ പൂത്താലി
രാവിൻെറ തിരശ്ശീല നീക്കിക്കൊണ്ടൊളി വീശി
ദ്യോവിലെമ്പാടും പുലർകാലകന്യക ദൂരെ!
മംഗളം പാടീ പക്ഷിവൃക്ഷങ്ങളെങ്ങും പാറീ
തങ്കരേണുക്കൾ പൂശീ ശ്യാമളാകാശം കാമ്യം!
മംഗളധ്വനിയല്ലോ കേൾപ്പു ഞാൻ, തകിലൊച്ച,
മങ്കമാർ മുഴക്കുന്നു വായ്ക്കുരവകൾ വീണ്ടും.
നാണിച്ചു താലി കെട്ടി നില്ക്കുമെന്നാത്മാവിനെ
ഞാൻ കണ്ടു, പൂത്താലിയ കൈകളിൽ സമ്മാനിച്ചു!



District Collector
Sri Rama Varma Thampuran
arriving to inaugurate
the Hostel Union.

Chief Guest
Dr. K. N. Pishorady



Speaking at
the Hostel Social.

A view of the
Hostel Social Gathering.





V L. Jacob,
1st Class, and 1st in the University,
B Sc (Chemistry — 1961

Winner,
Pokkath Varoo Vareed Memorial Gold Medal.



P. Chellappan,
1st Class, and 1st in the University
B. Com. — 1961

Winner.
Thekkethala Pyloth Vareed Memorial Gold Medal



Charley A Cherayath,
1st Class 1st from the College,
P. U. C. 1961



V. I. Itty Mathew,
University Foot-Baller

# ഒരു പ്രാസംഗികൻ ജനിക്കുന്നു!

( വർഗ്ഗീസ്സ് പുല്ലോക്കാരൻ, പി. യു. സി. )

ആധുനികലോകത്തിൽ നിങ്ങളുടെ പുതുമയേറിയ ആദർശങ്ങളും ആശയങ്ങളും മററുള്ളവക്ക് പകർന്നു കൊടുക്കുവാൻ പററിയ മാർഗ്ഗം എന്താണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ദീർഘകാലത്തെ പരിചിന്തനത്തിന്റേയും പരിശോധനയുടേയും ഫലമായി മനസ്സിലായി, ഒരു പ്രഗത്ഭനായ പ്രാസംഗികനാവുകയാണ് സുഗമമായ വഴിയെന്ന്. പ്രാസംഗികനാവുകയെന്നു കേൾക്കുമ്പോൾ ഭയന്നു പിൻമാറേണ്ടയാവശ്യമില്ല. ഗ്രീസ്സിലെ ജനങ്ങളെ പുളകംകൊള്ളിച്ച ഡെമൊസ്തനീസും റോമാക്കാരെ ആവേശഭരിതരാക്കിയ മാക്കാൻറണിയും സീസറും സീസറോയും പ്രഭാഷണവിദഗ്ദ്ധരായല്ല ഭൂലോകജാതരായത്. ക്ലേശപൂരിതമായ അദ്ധ്വാനത്തിന്റെ ഫലമായി അവരിൽ ഉയിരെടുത്തതാണവരുടെ പ്രഭാഷണചാതുര്യം. അല്ലാതെ അവർ സ്വയം ഒരു സുപ്രഭാതത്തിൽ പ്രഭാഷണചതുരരായി രൂപം മാറിയതല്ല.

### ഒരു കല:

ഒരു പ്രാസംഗികനുണ്ടായിരിക്കേണ്ട ഗുണങ്ങൾ നാം അറിഞ്ഞിരുന്നാൽ അതു നമ്മെ, യഥാർത്ഥപ്രാസംഗികനായി രൂപം കൊള്ളാൻ സഹായിക്കാതിരിക്കുകയില്ല. ഒരുത്തൻ ഒരു പ്രസംഗവേദിയിൽ പ്രവേശിച്ചാൽ, അയാളുടെ മുഖഭാവം ശ്രോതാക്കളെ തന്നിലേക്കാകർഷിക്കത്തക്കതായി മാറിയിരിക്കണം. അയാളുടെ മുഖത്തു പ്രസരിക്കുന്ന ഭാവമാററങ്ങൾ തന്റെ ആശയാദർശങ്ങളെ മററുള്ളവരിൽ ആഞ്ഞുതറക്കുവാൻ കഴിവുററവയാണെന്ന് മനശാസ്ത്രജ്ഞന്മാർ പറയുന്നു. തന്റെ പ്രകടമായ മുഖഭാവത്താൽ ശ്രോതാക്കളെ ഒന്നടങ്കം പിടിച്ചടക്കിയാൽ അവരുടെ മനോമണ്ഡലത്തിൽ എത്ര നേരമെങ്കിലും അയാൾക്കു വിഹരിക്കാം.

സംബോധനയിൽ ആകർഷകത്വം തുളുമ്പി നില്ക്കണം. പഴഞ്ചൻ രീതികളെമാററി വച്ചു ആധുനികസമ്പ്രദായങ്ങളനുസരിച്ചു സന്ദർഭോചിതമായ രീതിയിൽ ശ്രോതാക്കളെ അഭിസംബോധന ചെയ്താൽ അയാളുടെ പ്രസംഗം വിജയിക്കും എന്നു തന്നെപ്പറയാം. എന്നാൽ, മതപ്രസംഗങ്ങളിലും മററം മാററാൻ കഴിയാത്ത സംബോധനകൾ നിഷിദ്ധങ്ങളാണെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. നേരെ മറിച്ച് "സഭക്കു വന്ദനം", "നിങ്ങൾക്കെന്റെ കൂപ്പുകൈ" എന്നു തുടങ്ങിയ നമ്മുടെ പഴഞ്ചൻ രീതികൾ വലിച്ചു തോട്ടിലെറിയാൻ സമയമതിക്രമിച്ചിരിക്കുന്നു എന്നാണ് ഞാൻ പറഞ്ഞതിന്റെ സാരം.

### തുടക്കത്തിൽ ശ്രദ്ധിക്കുക:

മുഖവുര പ്രസംഗത്തിലെ ഒരു പ്രധാനഭാഗമാണ്. എന്നാൽ അതിനു അതിന്റേതായ പ്രാധാന്യമെ കൊടുക്കേണ്ടതുള്ളു. നമ്മുടെ പ്രാസംഗികർ മുഖവുരക്കാണ് പ്രസംഗവിഷയത്തെക്കാൾ പ്രാധാന്യം കൊടുത്തുകാണുന്നത്. എന്തിനെക്കുറിച്ചാണ് പറയുവാൻ പോകുന്നതെന്ന് "സാഹിത്യ"രൂപത്തിൽ പറഞ്ഞു തീരുമ്പോഴേക്കും ശ്രോതാക്കൾ മുഷിപ്പന്മാരായിത്തീരുന്നതു് കാണുവാൻ കഴിയും. പ്രസംഗത്തിൽ മുഖവുരക്കു സ്ഥാനമില്ല എന്നല്ല വിവക്ഷ. 'മുഖവുര' മുഖവുരയാണ് എന്ന വസ്തുത പറയാതെ തരമില്ല. മുഖവുരകൊണ്ടു ജനങ്ങളുടെ സുഖദുഃഖങ്ങളെ വിപാടനം ചെയ്യുവാൻ ഒരുങ്ങുന്നതു് ഭോഷത്വമാണ്. അഖിലലോകജനങ്ങളെ സന്താപസാഗരത്തിലാഴ്ത്തിയ പോപ്പ് പന്ത്രണ്ടാം പിയൂസ് തിരുമേനിയുടെ ചരമത്തിൽ അനുശോചിക്കുവാൻ കൂടിയ യോഗത്തിൽ ഒരാൾ പ്രസംഗിച്ചതാണ്:

''മനുഷ്യകോടികളെ അനുഗ്രഹിച്ചാശീർവദിക്കുവാൻ ഇനിയും ആ കരങ്ങൾ ഉയരുകയില്ല; ലോകസമാധാനത്തിനു വേണ്ടി വാദിക്കുവാൻ ആ അധരങ്ങൾ ഇനി ചലിക്കുകയില്ല; ലോകാഭ്യുന്നതിക്കു വേണ്ടി വെമ്പൽ കൊണ്ടിരുന്ന ആ ഹൃദയം ഇനി സ്പന്ദിക്കുകയില്ല......'' ഇപ്രകാരം മനുഷ്യരെ ഇരുത്തി ചിന്തിപ്പിക്കുന്ന രീതിയിലായിരുന്നു അദ്ദേഹത്തിൻെറ മുഖവുര. മുഖവുര പ്രസംഗവിജയത്തിൽ നല്ലൊരു പങ്കു വഹിക്കുന്നുണ്ട്.

പ്രസംഗത്തിൻെറ മർമ്മപ്രധാനമായ വശമാണ് ആശയം. ആശയങ്ങൾ ധാരാളം വേണം. എന്നാൽ അതു മാത്രം മതിയോ? ആശയങ്ങൾ കുറഞ്ഞാൽ പോലും അവക്കു പുതുമയുണ്ടായിരിക്കണം. പുതുമയോടു കൂടി ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിലാണ് വിജയം സ്ഥിതി ചെയ്യുന്നത്. മഹാനായ ലോർഡ്ചെസ്റ്റർഫീൽഡ് പറയുന്നുണ്ട്, ആശയത്തിൻെറ ആകത്തുകയേക്കാൾ പ്രാധാന്യം ആശയത്തിൻെറ ആവിഷ്കരണത്തിനാണെന്ന്. പുതിയ പുതിയ ആശയങ്ങൾ ഉല്പാദിപ്പിച്ചാൽ പോര, പിന്നെയോ പുതിയ രീതിയിൽ ആവിഷ്ക്കരിച്ചു പ്രകടിപ്പിക്കുക കൂടി ചെയ്യണം. ശ്രോതാക്കൾക്കു കേൾവിക്കു സുഖവും ധാരണക്കു എളുപ്പവും ഉണ്ടാക്കുന്ന രീതിയിൽ ആശയങ്ങൾ, പ്രകടിപ്പിക്കുന്നതാണ് പ്രസംഗത്തിൻെറ പ്രഥമവും പ്രധാനവുമായ വിജയരഹസ്യം.

അംഗവിക്ഷേപവും ആവശ്യമാണ്; എന്നാൽ അനാവശ്യം ആക്കിത്തീർക്കരുതെന്നു മാത്രം. തൻെറ ആശയങ്ങളെ ഒപ്പുവച്ച് ''നിയമ'' മാക്കിത്തീർക്കുന്ന തരത്തിലായിരിക്കണം അംഗചലനങ്ങൾ. താൻ അവതരിപ്പിച്ച പാസ്സാക്കുന്ന നൂതനാശയങ്ങളെ നിയമമാക്കിത്തീർക്കുന്ന പ്രസിഡൻറായിരിക്കണം അയാളുടെ കരങ്ങൾ. അകൃത്രിമമായ അംഗവിക്ഷേപമാണ് പ്രസംഗത്തിനു യോജിച്ചതു.

## അക്ഷരങ്ങളെ വധിക്കരുത്:

ഒരു നല്ല പ്രഭാഷകനുണ്ടായിരിക്കേണ്ട ഏററവും പ്രധാനമായ മറെറാരു ഗുണമാണ് ഉച്ചാരണശുദ്ധി. ഉച്ചാരണശുദ്ധിയില്ലെങ്കിൽ എങ്ങിനെയാണ് ഒരുവൻെറ വാക്കുകൾ സ്പഷ്ടമാകുക? ശബ്ദസ്പഷ്ടതയില്ലെങ്കിൽ ആശയങ്ങൾക്കും സ്പഷ്ടതയുണ്ടായിരിക്കുകയില്ല.

ഇതു പോലെത്തന്നെ പ്രാധാന്യമേറിയ മറെറാരു വസ്തുതയാണ് പദങ്ങളുടെ തെരഞ്ഞെടുപ്പ് (Choice of words). സന്ദർഭോചിതമായ പദങ്ങൾ കണ്ടുപിടിച്ചുപയോഗിക്കുന്നതിൽ വിജയിക്കണം. അതിൽ പരാജയപ്പെട്ടാൽ പ്രസംഗവും പരാജയപ്പെട്ടു എന്നാണർത്ഥം. ഒരു യഥാർത്ഥപ്രാസംഗികൻ അവസരത്തിനൊത്ത വാക്കുകളും ശൈലികളും ഉപയോഗിക്കുന്നതു് കാണാം.

മേൽപ്പറഞ്ഞ ഗുണങ്ങൾ തികഞ്ഞ പ്രാസംഗികർ ചുരുക്കമായേക്കാം അതു കൊണ്ടു തന്നെയാണ് പ്രസംഗകല അഭിവൃദ്ധിപ്പെടാത്തതും. ഉയർന്നു വരുന്ന തലമുറ ശ്രദ്ധിച്ചാൽ നമ്മുടെ പ്രസംഗകലയെ ഉയർത്തിക്കൊണ്ടുവരുവാൻ സാധിക്കും. ''വാളെടുത്തവരെല്ലാം വെളിച്ചപ്പാട്'' എന്നുള്ളതു് ഒരു തത്വമായി അംഗീകരിച്ചിട്ടുള്ള ഈ ലോകത്തിൽ എന്തും അഭിവൃദ്ധിപ്പെടുവാൻ വിഷമമാണ്. യുവത്വത്തിൻെറ ''യൗവ്വന''ത്തിൽ നാം പ്രവർത്തിച്ചാൽ ഏതു പ്രതിബന്ധങ്ങളേയും നമുക്കു തട്ടിത്തെറിപ്പിക്കുവാൻ സാധിക്കും.

തത്വങ്ങൾ അറിഞ്ഞിരുന്നാൽ ഒരു പ്രാസംഗികനാകുവാൻ സാധിക്കുകയില്ല. എന്നാൽ അതു പ്രവൃത്തിപഥത്തിൽ വരുത്തുവാൻ അത്രക്കു എളുപ്പവുമല്ല. ''Practice makes perfect'' എന്ന സിദ്ധാന്തമുണ്ടല്ലോ. കുഴിക്കുളവിത്തെളിയുക തന്നെ വേണം. മുമ്പു സൂചിപ്പിച്ച ആ പ്രഗത്ഭവാഗ്മികളുണ്ടല്ലോ, അവർ ഒന്നുരണ്ടു ദിനങ്ങൾ കൊണ്ടല്ല പ്രസംഗനൈപുണ്യം നേടിയെടുത്തതു്. പ്രസിദ്ധ പണ്ഡിതവാഗ്മിയായ ഗ്രീസ്സിലെ

ഡെമൊസ്തനീസ് ഒരു വിക്കനായിരുന്നു ചെറുപ്പത്തിൽ. നല്ലൊരു പ്രാസംഗികനാകണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം വായിൽ കല്ലിട്ടു തിരമാലകളോട് പ്രസംഗിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അങ്ങിനെ ദിനം തോറുമുള്ള പരിശീലനത്തിന്റെ ഫലമായാണ് അദ്ദേഹം ഒരു വാഗ്മിയായിത്തീർന്നത്. അബ്രഹാംലിങ്കൺ മരങ്ങളോട് സംസാരിച്ചാണ് പ്രഭാഷണവൈദഗ്ധ്യം കൈവരിച്ചതെന്ന് അദ്ദേഹത്തിന്റെ ചരിത്രം നമ്മെ അറിയിക്കുന്നു.

## ഒരു നവോഢ:

ആദ്യമാദ്യമൊക്കെ സഭാകമ്പം ഒരുവനെ അലട്ടിയേക്കാം. അതുകൊണ്ട് ഉദ്യമത്തിൽ നിന്നും പിൻമാറരുത്. പരിശീലനത്താലല്ലാതെ അതു വിട്ടുമാറുകയുമില്ല.

“പ്രാർത്ഥിച്ചാൽ പദമേകമെങ്കിലുമഹോ
മുന്നോട്ടെടുക്കാ ദൃഢം
ക്രോധിച്ചാൽ വിറയാർന്നിടും പുനരുടൻ
വൈവണ്ണ്യവും കാട്ടിടും
കൂട്ടാക്കാതെ വലിച്ചിഴച്ചീടുകിലോ സ്തംഭം
പിടിച്ചീടുമേ
കഷ്ടം! മൂഢനു വാണിയാര്യസഭയിൽ കേഴും
നവോഢാസമം.”

ഒരു പുതുപ്പെണ്ണിന്റെ അമ്പരപ്പും ലജ്ജയുമൊക്കെ ആദ്യമായി പ്രസംഗവേദിയിൽ പ്രവേശിച്ചാലുണ്ടാകും. അതുകാലത്തിന്റെ പഴക്കത്തിൽ തീർന്നു കൊള്ളും. ആത്മവിശ്വാസമില്ലെങ്കിൽ എല്ലാം അവതാളത്തിലാകും. ഒരുവനെ നയിക്കുന്നതവന്റെ ആത്മവിശ്വാസമാണ്. ആത്മവിശ്വാസത്തോടു കൂടി പുരോഗമിച്ചാൽ വിജയിക്കും, നിശ്ചയം. വിജനസ്ഥലങ്ങളിൽ പോയി പ്രസംഗിച്ചു പഠിക്കുന്നത് വളരെ പ്രയോജനകരമാണ്. പ്രസംഗങ്ങൾ കേൾക്കുന്നത് പ്രസംഗങ്ങൾക്കു രൂപം കൊടുക്കുവാൻ നമ്മെ വളരെ സഹായിക്കും. പുസ്തകങ്ങളും മാസികകളും പ്രസംഗരൂപത്തിൽ വായിക്കുന്നത് പ്രസംഗാവിഷ്കരണത്തിനു പ്രയോജകീഭവിക്കും.

നമ്മിൽ ഒരു മത്സരവീര്യം ഉണ്ടാകുന്നത് പ്രസംഗത്തിൽ അഭിവൃദ്ധിപ്പെടുവാൻ നല്ലതാണ്. അവനും അവൾക്കും പ്രസംഗിക്കാൻ സാധിക്കുമെങ്കിൽ എനിക്കെന്തുകൊണ്ടു സാധ്യമല്ല? എന്നു നമ്മുടെ കണ്ണപുടങ്ങളിൽ മുഴങ്ങട്ടെ. അപ്പോൾ കാണാം നാം അറിയാതെ തന്നെ ഉയിർത്തെഴുന്നേല്ക്കുന്നത്, പ്രസംഗമണ്ഡലത്തിലേക്കു ആരോഹണം ചെയ്യുവാൻ. അതുകൊണ്ടു ഇന്നു തന്നെ ശപഥം ചെയ്യുക “ഞാനൊരു പ്രാസംഗികനാകു”മെന്ന്.

കവിത



# ആരാധന

ടി. എ. രവീന്ദ്രൻ, പി. യു. സി.

(കാകളി)

നിൻ ജയഭേരി മുഴക്കട്ടെ വീണ്ടുമെൻ
ചിന്താവിഹംഗമം, പോരികിങ്ങോട്ടു നീ.

* *

അക്കരെ പച്ചച്ച മാമലയ്ക്കപ്പുറം
നൃത്തമാടീടുന്ന നീലമേഘങ്ങളെ,
തെന്നലരുളുന്ന 'കിങ്കിണി' ചാർത്തിയ
പൊൻമണിവീണകൾ മീട്ടും നദികളെ,
പൂക്കുടയും നിറച്ചേകാന്തവീഥിക-
ളെത്രയോ താണ്ടി വരുന്ന പൂവമ്പിളി,
നിങ്ങളൊതുക്കമീ സ്വപ്നപ്രപഞ്ചത്തി-
ലെന്നെയും കൂടി മറന്നു നില്ക്കുന്നു ഞാൻ.
നിൻ ജയഭേരി മുഴക്കട്ടെ വീണ്ടുമെൻ
ചിന്താപതംഗമവിശ്രമമിങ്ങനെ.

* *

അപ്പുറത്തമ്പിളിപ്പൂവരുത്തീടുന്ന
മർത്ത്യന്റെ ഭേരീനിനദം ശ്രവിപ്പു ഞാൻ-
എൻവർഗ്ഗശക്തി തന്നുൽബണകൌതുകം
പത്രം വിടുർത്തിപ്പറക്കുന്നു, കാണ്മു ഞാൻ.
എങ്കിലും നിന്നെ സ്തുതിക്കുവാനല്ലാതെ
എൻ കരൾ വെമ്പിടാറില്ലില്ലൊരിക്കലും.

ചെറുകഥ

# ഒരു വലിയ ലോകം

എം. എ. അഗസ്റ്റിൻ I B. Sc.

ആ വലിയ പേരാലിന്റെ ചുവട്ടിൽ ഗോപാലനിരുന്നു. അമ്പലമുററത്തെ ചുവന്ന മണ്ണിൽ അവയുടെ നേർത്ത നിഴലുകൾ അവ്യക്തമായി പതിഞ്ഞിരുന്നു.

വീട്ടിലേക്ക് പോയാലോ? വേണ്ട. താൻ തിരിച്ചു ചെല്ലുമ്പോൾ അമ്മക്ക് സംശയം തോന്നും. വൈകുന്നേരം പണി കഴിഞ്ഞ് വരുമ്പോൾ തന്നെ അകാരണമായി വീട്ടിൽ കാണുമ്പോൾ അമ്മ ചോദിക്കും, "നീയെന്തിനാ ഗോപാലാ ഇപ്പൊ ഇങ്ങോട്ട് പോന്നേ?"

തനിക്കപ്പോൾ വ്യക്തമായൊരു മറുപടിയുണ്ടാവുകയില്ല. ഒടുവിൽ സംഗതിയെല്ലാം ശരിക്ക് മനസ്സിലാവുമ്പോൾ അമ്മക്കരിശം വരും. തന്നോട്ട് വഴക്കിനു വരും. അല്ലെങ്കിലും അമ്മ അങ്ങിനെയാണ്. താനെന്തു പറഞ്ഞാലും അമ്മക്ക് വിശ്വാസമില്ല. വല്യ ആളുകള് വല്ലോം പറഞ്ഞാൽ വല്യ കാര്യമാണ് താനും.

അപ്പോളവന് അന്നൊരു ദിവസത്തെ സംഭവം ഓർമ്മ വന്നു. താനും വടക്കേലെ ഗോപിയും കൂടി പുഞ്ചപ്പാടത്ത് ചൂണ്ടയിടാൻ പോയിരിക്കുകയായിരുന്നു. നീലനിറത്തിലുള്ള സുന്ദരങ്ങളായ ആമ്പൽപൂക്കൾ കണ്ടപ്പോൾ അവന് കൊതി തോന്നി. താനപ്പോൾ കുളത്തിലിറങ്ങി കൈ നിറയെ പൂക്കളുമായി കയറി വരികയായിരുന്നു. അതും കൂടി കണ്ടപ്പോൾ അവന് കൊതിയടക്കാൻ കഴിഞ്ഞില്ല.

"ഒരു പൂവ് തരോ ഗോപാലാ"

"വേണെമെങ്കിൽ പൊട്ടിച്ചോ. ഇത് കിട്ടുകയില്ല"

എന്നിട്ട് താനവയുടെ മണം ആസ്വദിക്കുകയായിരുന്നു. അവൻ എത്തി വലിഞ്ഞ് പൂ പൊട്ടിക്കാൻ നോക്കി. കാലുതെററി ഒരു വീഴ്ച. താനപ്പോൾ പൊട്ടിച്ചിരിക്കുകയായിരുന്നു. അവനങ്ങിനെ തന്നെ വേണം. വല്യ ആളാണെന്നാണ് ഭാവം. അച്ഛൻ വല്യ ഉദ്യോഗസ്ഥനാണെന്ന് വച്ച് തന്നോട്ട് മിണ്ടാൻ തന്നെ ചെറുക്കന് വല്യ ഭാവമാണ്.

നനഞ്ഞു കുതിർന്ന് ഗോപി കയറി വന്നപ്പോഴും താൻ ചിരിക്കുകയായിരുന്നു. അവനപ്പോൾ സങ്കടവും ദേഷ്യവും ഒരുമിച്ചായിരുന്നു.

"നീ നോക്കിക്കോടാ തെണ്ടിച്ചെറുക്കാ. ഞാനച്ഛനോട്ട് പറഞ്ഞ് നിന്നെ ശരിയാക്കി തരാം."

അന്ന് വൈകുന്നേരം താൻ പടി കടന്ന് ചെല്ലുമ്പോൾ തന്നെ അമ്മയുടെ ഉയർന്ന ശബ്ദം കേൾക്കാമായിരുന്നു. അമ്മ കലി തുള്ളി നിൽക്കുകയായിരുന്നു, കൂടെ ഗോപീടച്ഛനും ഗോപിയും. കയറി വന്നപാടെ ചോദ്യമായി,

"നീയെന്തിനാടാ ഗോപീനെ വെള്ളത്തിൽ തള്ളിയിട്ടത്?"

തനിക്ക് ഉത്തരം പറയാൻ നേരമുണ്ടായിരുന്നില്ല. അതിനു മുമ്പ് പുളിവാറ് തുടയിൽ

മദ്ദളം കൊട്ടിത്തുടങ്ങിയിരുന്നു. അച്ഛന്റെ പിന്നിൽ നിന്നു് ഗോപി ചിരിതടക്കുന്നതു് താൻ നനഞ്ഞ കണ്ണുകളിലൂടെ കണ്ടു.

അങ്ങിനെയാണ് അമ്മയുടെ പ്രകൃതം. അപ്പോൾ വീട്ടിൽ പോകാതിരിക്കുകയാണു് നല്ലതു്.

പിന്നെയെന്തു ചെയ്യും?

അങ്ങോട്ടു തന്നെ തിരിച്ചു ചെന്നാലോ?

ഒരു പക്ഷെ രാജുവും ഫിലോയും തന്നെ കാണാതെ വിഷമിച്ചു നിൽക്കുകയായിരിക്കും. മൂന്നു ചക്രം സൈക്കിൾ തള്ളിക്കൊടുക്കാൻ തന്നെ കാണാതാവുമ്പോൾ ഫിലോ അന്വേഷിക്കുന്നുണ്ടാവും. അപ്പോൾ ചൂണ്ടയിടാൻ പോകാൻ തന്നെ കാണാഞ്ഞിട്ടു് രാജുവും അന്വേഷണം തുടരും. എന്നിട്ടു് ഒടുവിൽ തന്നെ കാണാതാവുമ്പോൾ അവർ കൊച്ചമ്മയോട്ടു് പോയി പറയും,

"അമ്മച്ചീ, നമ്മുടെ ഗോപാലനെന്തിയേ. ഇവിടെയൊന്നും കാണാനില്ലല്ലോ "

"ഞാൻ കണ്ടില്ല ആ ചെറുക്കനെ. ഇവിടെയെങ്ങാനും ഒളിച്ചു നിൽപ്പുണ്ടാകും, നോക്ക്."

എന്നിട്ടു് അവർ മൂന്നു പേരും കൂടി അന്വേഷണം തുടരും. പക്ഷെ തന്നെ കണ്ടെത്തുകയില്ല. അങ്ങിനെ തന്നെ വേണം.

ഇല്ല; താനിനി അങ്ങോട്ടില്ല. ഇനി ആരെയാണു് കൊച്ചമ്മ കള്ളനെന്നു് വിളിക്കുന്നതെന്നു് കാണാമല്ലോ. തന്നെ തല്ലിയതിൽ സങ്കടമില്ല. എങ്കിലും കൊച്ചമ്മ കള്ളനെന്നു വിളിച്ചതിലാണു് സങ്കടം. പാവപ്പെട്ട ചെറുക്കനാണെങ്കിലും തനിക്കുമില്ലേ ഒരഭിമാനമൊക്കെ. കുറച്ചു് പാലെടുത്തു് കുടിച്ചെന്നു് വച്ചു് ഇത്രയൊക്കെ പറയണോ?

പണ്ടു് ശ്രീകൃഷ്ണൻ ചെറുപ്പത്തിൽ വലിയ കള്ളനായിരുന്നുവത്രെ. വല്ലവന്റെയും വീട്ടിൽ കയറി പാലും, വെണ്ണയും കട്ടെടുക്കാറുണ്ടായിരുന്നു. എന്നിട്ടും ആരും കൃഷ്ണനെ കള്ളനെന്നു് വിളിച്ചില്ല.

മൂന്നാം ക്ലാസ്സിൽ വച്ചായിരുന്നു വെന്നു തോന്നുന്നു രാമൻ പിള്ള സാർ ഈ കഥ പറഞ്ഞു തന്നതു്. ഛേ, പഠിപ്പു നിറുത്തേണ്ടിയിരുന്നില്ല. കഷ്ടപ്പെട്ടാണു് അമ്മ തന്നെ പഠിപ്പിച്ചിരുന്നതു്. എന്നിട്ടു കൂടി താൻ മടിയനായിരുന്നു. ഗൃഹപാഠം ചെയ്യാതെ എന്നും നേരം വൈകി വരുന്ന തന്നെക്കാണുന്നതു് തന്നെ വാരുരുതു് സാറിനു് അരിശമാണു്.

" നീയൊക്കെ പഠിക്കാനാണോടാ സ്കൂളിൽ പോരുന്നേ ? " പലപ്പോഴുമദ്ദേഹം ചോദിക്കും.

അപ്പോഴൊക്കെ "അതേ"യെന്ന ഭാവത്തിൽ താൻ തല താഴ്ത്തി ഇരിക്കുകയാവും.

എന്നിട്ടു് അക്കൊല്ലം താൻ തോററുപോയെന്നറിഞ്ഞപ്പോൾ അമ്മക്കു് സങ്കടമായിരുന്നു. അന്നു വൈകുന്നേരം തന്നെ അരികിൽ വിളിച്ചിരുത്തിയിട്ടു് അമ്മ പറഞ്ഞു:

"നീയിനി പഠിക്കേണ്ട മോനെ. വല്ല ജോലീം ചെയ്തു് പഠിക്ക്. അമ്മക്കു് നീ മാത്രമല്ലേ ഉള്ളൂ സഹായത്തിനു്"

താനതൊക്കെ മൂളിക്കേട്ടു. അക്കൊല്ലം സ്കൂൾ തുറന്നപ്പോൾ താൻ വീട്ടിൽ വെറുതെയിരിക്കുകയായിരുന്നു. പിന്നീടൊരു ദിവസം അമ്മയൊരു പരിപാടി പറഞ്ഞു തന്നു പട്ടണത്തിലെ ബസ്സ്റ്റാൻഡിൽ പോയി വല്ല ചുമടെടുക്കുക.

പിറേറന്നു് കാലത്തു് കഞ്ഞിയും കുടിച്ചു് താൻ മൂന്നു മൈലകലെയുള്ള പട്ടണത്തിലേക്കു് നടന്നു. അവിടത്തെ തിരക്കു പിടിച്ച ജീവിതം

